കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഊരകം ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2018-19


ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം

e-mail: ddlfa.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം27/1783/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

സീനിയർ ഡെപ്യൂട്ടി ഡയരക്ടറുടെ കാര്യാലയം

മലപ്പുറം ജില്ല പിൻ -676505

ഫോൺ -0483 27249505

Emaildompm.ksad@kerala.gov.in

തീയ്യതി 29/07/2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)

ഊരകം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :ഊരകം ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഊരകം ഗ്രാമ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത്രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

**ഡെപ്യൂട്ടി ഡയറക്ടർ**

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, മലപ്പുറം
3) പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം
4)കാര്യാലയ പകർപ്പ്

നം കെ എസ് എ.എം.പി.എം.27/1783/2019 തിയ്യതി: 29/07/2019

# മലപ്പുറം ജില്ലയിലെ ഊരകം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ ഊരകം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 05.07.2018 മുതൽ 18.06.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭിച്ച മറുപടി പരിഗണിച്ച ശേഷം നിലനിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട് / ഗ്രാമപഞ്ചായത്തിൻെറ തീരുമാനം എന്നിവകളുടെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.ആർ.അജിത്ത്, ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം : 19.06.2019 മുതൽ 2.7.2019 വരെ

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.എം.ദിനേശൻ | ഓഡിറ്റ് ഓഫീസർ |
| ശ്രീ.സി.അബ്ദുൾ ഗഫൂർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.പി.യൂസഫ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി. ഒ.വി.ലത | ഓഡിറ്റർ |

## നിർവഹണാധികാരികൾ

### പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി. സഫ്രീന അഷ്റഫ് | 01.04.2018 മുതൽ31.03.2019 വരെ |

### സെക്രട്ടറി

| | |
|---|---|
| ശ്രീ. ശംസുദ്ദീൻ സി കെ | 01.04.2018 മുതൽ 31.03.2019 വരെ |

### നിർവഹണാധികാരികൾ

| | |
|---|---|
| ശ്രീ. വിവേകാനന്ദൻ എ, അസിസ്റ്റന്റ് സെക്രട്ടറി | 01.04.2018 മുതൽ 31.3.2019 വരെ |
| ശ്രീമതി മെഹറുന്നീസ, കൃഷി ഓഫീസർ | 01.04.2018 മുതൽ 31.03.2019 വരെ |
| ശ്രീമതി. അജിത.എൽ, അസിസ്റ്റന്റ് എഞ്ചിനീയർ | 01.04.2018 മുതൽ 31.03.2019 വരെ |
| ശ്രീമതി. സനിത പൂവത്ത് പറമ്പിൽ, വി.ഇ.ഒ. | 01.04.2018 മുതൽ 31.3.2019 വരെ |
| ഡോ. ഹാഫിസ് റഹ്മാൻ,<br>മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01.04.2018 മുതൽ 31.03.2019 വരെ |
| ഡോ. ജാബിർ പൂളക്കണ്ടൻ<br>മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01.04.2018 മുതൽ 31.03.2019 വരെ |
| ഡോ. ഉഷാ റാണി പി ഡി,<br>മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01.04.2018 മുതൽ 31.03.2019 വരെ |
| ഡോ.സി എച്ച് അജ്മൽ, വെറ്റിനറി സർജൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ശ്രീമതി. സലീന ജോസഫ്,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01.04.2018 മുതൽ 28.7.2018 FN വരെ |
| ശ്രീമതി. മൈമൂന, ഐ.സി.ഡി.എസ് സൂപ്പർവൈസർ | 28.7.2018ANമുതൽ 31.03.2019 വരെ |
| ശ്രീമതി ജലജ തറയിൽ, ഹെഡ്മാസ്റ്റർ | 01.04.2018 മുതൽ 31.03.2019 വരെ |

### ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |

| | | |
|---|---|---|
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ. | 1-12 |
| | ഭാഗം 2 | |
| 13 | മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയിട്ടില്ല | 2-1 |
| 14 | വസ്തു നികുതി കുറവായി നിർണ്ണയിച്ചു. | 2-2 |
| 15 | തൊഴിൽ നികുതി അപാകതകൾ | 2-3 |
| 16 | ഡി ആന്റ് ഒ ലൈസൻസ്- പൊതു അപാകതകൾ | 2-4 |
| | ഭാഗം 3 | |
| 17 | എൽ.ഇ.ഡി ബൾബ് സ്ഥാപിക്കൽ - പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ | 3-1 |
| 18 | പരസ്യ ഏജൻസി മുഖേന പത്ര പരസ്യം നൽകിയത് സംബന്ധിച്ച് | 3-2 |
| 19 | ആലക്കാപ്പറമ്പ് റോഡ് റീ ടാറിംഗ് - പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ . | 3-3 |
| 20 | കാപ്പിൽ കുണ്ട് റോഡ് റീ ടാറിംഗ് - ആഡികചസി പ്രകാരം വേണ്ടതിൽ അധികം ബിറ്റുമിൻ അനുവദിച്ചത് സംബന്ധിച്ച്. | 3-4 |
| 21 | മർക്കസ്സുൽ ഉലൂം മദ്രസ്സ റോഡ് റീ ടാറിംഗ് - 5% വാറ്റ് തുക മുഴുവനായും കുറച്ചിട്ടില്ല. | 3-5 |
| 22 | ബിറ്റുമിന് വില നൽകിയത് - തിരികെ ലഭിക്കാനുള്ള 108860.00 രൂപ തിരികെ ലഭിച്ചിട്ടില്ല. | 3-6 |
| 23 | ചേലത്തൂർ റോഡ് റീടാറിംഗ് - ഓവർഹഡ് കുറവ് വരുത്തിയില്ല – കൺവീനർക്ക് അർഹമായതിലും അധികം 21243.00 രൂപ നൽകി. | 3-7 |
| 24 | കുറഞ്ഞ വിലയുള്ള അലമാര വാങ്ങിയില്ല | 3-8 |
| 25 | ലൈഫ് ഭവന പദ്ധതി-വീട് നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 3-9 |
| 26 | മുഴുവൻ മരുന്നും ലഭ്യമാകാത്തതു സംബന്ധിച്ച് | 3-10 |
| 27 | വിനിയോഗ വിവരം ഹാജരാക്കിയിട്ടില്ല. | 3-11 |
| 28 | മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല. | 3-12 |
| | ഭാഗം 4 | |
| 29 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| | [illegible] | |

| | | |
|---|---|---|
| 30 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 32 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 33 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 36 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 38 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |


# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| 2018-19 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1/(1)28/3/2018 | 1(1)/06/02/2019 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 17.05.2019 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 19-06-2019 മുതൽ 2.07-2019 വരെ | കുറിപ്പ്: 2018-19 വാർഷിക ഓഡിറ്റ് സമയത്താണ് പ്രസ്തുത കണക്ക് പരിശോധിച്ചത്. അതിനാൽ പ്രത്യേകം റിപ്പോർട്ടായി പുറപ്പെടുവിച്ചിട്ടില്ല. |

## 1-4 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെൻറ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 10186368.42 |
| വരവ് | 102147107 |
| ആകെ | 112333475.42 |
| ചെലവ് | 80525264.00 |
| [illegible] | |

| നീക്കിബാക്കി | 31808211.42 |
|---|---|

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 14280812 | 14280812 | 12956692 | 1324120 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 3812000 | 3812000 | 3812000 | 0 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 111000 | 111000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 10661000 | 10661000 | 9511397 | 1149603 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3007000 | 3007000 | 2155180 | 851820 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാൻെറ് | 0 | 6627000 | 6627000 | 4082358 | 2544642 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 0 | 10981296 | 10981296 | 3848215 | 7133081 |
| ടി.എസ്.സി | 1530484 | 721600 | 2252084 | 170000 | 2082084 |
| ICDS | 1924896 | 954025 | 2878921 | 2875614 | 3307 |
| എം എൻ ആർ ഇ ജി എസ് (ഭരണചെലവ്) | 116171 | 371029 | 487200 | 462000 | 25200 |
| എം എൻ ആർ ഇ ജി എസ് (തൊഴിലാളി കൂലി) | 0 | 6571178 | 6571178 | 6571178 | 0 |
| എസ്.എസ്.എ | 145417 | 5156 | 150573 | 0 | 150573 |
| ശുചിത്വ മിഷൻ | 21932 | 495000 | 516932 | 175000 | 499432 |
| ജലനിധി | 4836622 | 25746207 | 30582829 | 24725971 | 5856858 |
| ജോയ്ന്റ് വെഞ്ച്വർ | 0 | 1206950 | 1206950 | 1132750 | 74200 |
| ബി ഫണ്ട് | 0 | 121060 | 121060 | 121060 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 237 | 116 | ഇല്ല | 121 | 48.94 |

| **നിർവ്വഹണ** | പദ്ധതികളുടെ | നടപ്പാക്കിയത് | ആകെ | ചെലവഴിച്ച | ചെലവ് |
|---|---|---|---|---|---|

| ഉദ്യോഗസ്ഥർ | എണ്ണം | | അടങ്കൽ തുക | തുക | % |
|---|---|---|---|---|---|
| കൃഷിഓഫീസർ | 9 | 9 | 3728750 | 1942560 | 52.09 |
| വെറ്റിനറി സർജ്ജൻ | 3 | 3 | 3375000 | 1670000 | 49.48 |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | 3 | 3 | 1105000 | 887590 | 80.32 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 200000 | 200000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 2 | 2 | 650360 | 650000 | 99.94 |
| വി.ഇ.ഒ | 10 | 8 | 18692300 | 7150020 | 38.25 |
| എെ.സി.ഡി.എസ് | 7 | 5 | 4393000 | 3370264 | 76.71 |
| സെക്രട്ടറി | 12 | 5 | 3002866 | 1582724 | 52.70 |
| എച്ച്.എം | 9 | 6 | 4495100 | 3424068 | 76.17 |
| അസി.സെക്രട്ടറി | 7 | 4 | 3539293 | 2415360 | 68.24 |
| അസി.എൻജിനിയർ | 174 | 70 | 47007001 | 16358037 | 34.80 |
| ആകെ | 237 | 116 | 90188670 | 39650623 | 43.86 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവ് | 116171 | 371029 | 487200 | 462000 | 25200 |
| EFMS വഴി നൽകിയത് | 0 | 6571178 | 6571178 | 6571178 | 0 |
| ആകെ | 116171 | 6942207 | 7058378 | 7033178 | 25200 |

# 1-8 സാമൂഹ്യക്ഷേമ പദ്ധതി

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 75360 | 45 |
| കർഷകതൊഴിലാളിപെൻഷൻ | 1943600 | 157 |
| വിധവാപെൻഷൻ | 11445200 | 940 |
| വാർദ്ധക്യകാലപെൻഷൻ | 15257700 | 1271 |
| വികലാംഗപെൻഷൻ | 3878900 | 316 |
| വിവാഹധനസഹായം | 30000 | 1 |
| 50വയസിനുമുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 128000 | 10 |

## 1-9 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.06.2019 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 19773/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1. ഇ-ടെണ്ടർ നടപടികളിലൂടെ നിലവിൽ എൽ എസ് ജി ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കാൻ നടപടിയുണ്ടായിട്ടില്ല.

2. വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി പഞ്ചായത്തുതല ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ ഉൾപ്പെടെയുള്ളവ കാര്യക്ഷമമായി പ്രവർത്തിക്കാൻ മേൽനോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം കാര്യക്ഷമമല്ല. സ്റ്റാന്റിംഗ് കമ്മിറ്റികൾ എല്ലാ മാസവും യോഗം ചേരുന്നുണ്ടെങ്കിലും, പ്രൊജക്ടുകൾ പ്രത്യേകമായി വിലയിരുത്തുകയോ, നിർവ്വഹണ ഉദ്യോഗസ്ഥരുടെ സാന്നിധ്യം ഉറപ്പ് വരുത്തി, പ്രൊജക്ട് നിർവ്വഹണത്തിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിന് നിർദ്ദേശം നൽകുകയോ ചെയ്തിട്ടില്ല. നിർദ്ദേശിക്കപ്പെടുന്ന പ്രോജക്ട് ആശയങ്ങൾ നടപ്പിലാക്കുന്നുവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ഉറപ്പു വരുത്തേണ്ടതുമാണ്.

3. ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും 25.2.19 ന് ലഭിച്ച 42284/- രൂപ വില വരുന്ന 36 ഇനങ്ങളിലുള്ള രജിസ്റ്ററുകളും ഫോമുകളും അവ കൈപ്പറ്റിയ അന്ന് തന്നെ ഇഷ്യൂ കാണിച്ചിട്ടുണ്ട്. ഇതിൽ ചില ഫോമുകൾ 1000 എണ്ണം ഉണ്ട്. സ്റ്റോക്കിലെടുത്ത ഫോമുകളും രജിസ്റ്ററുകളും ഇപ്രകാരം ഇഷ്യൂ കാണിച്ചാൽ അവയുടെ ഉപയോഗവും നീക്കിയിരിപ്പും നിരീക്ഷിക്കാൻ കഴിയില്ല. ആയതിനാൽ ഓരോ ഇനം ഫോമുകൾക്കും രജിസ്റ്ററുകൾക്കും പ്രത്യേകം പേജ് നൽകി അവ സ്റ്റോക്കിലെടുത്ത്, ഉപയോഗത്തിന് അനുസരിച്ച് മാത്രം ഇഷ്യൂ കാണിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

4. സെക്രട്ടറി നടപ്പിലാക്കിയ വിവിധ പ്രൊജക്ടുകളുടെ ഫയൽ പരിശോധിച്ചതിൽ, നിർവ്വഹണം സംബന്ധിച്ച നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിന് മുമ്പ് സെക്ഷൻ ക്ലാർക്ക് നോട് ഫയൽ തയ്യാറാക്കുകയോ, അംഗീകാരം വാങ്ങുകയോ ചെയ്തതായി കണ്ടില്ല. പ്രൊജക്ട് നിർവ്വഹണത്തിന്റെ ഓരോ ഘട്ടത്തിലും വിശദമായ നോട്ട് സമർപ്പിച്ച് അംഗീകാരം വാങ്ങി മാത്രം നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

5. ഗ്രാമ പഞ്ചായത്തിന്റെ 1985-86 വർഷം മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകളിൽ തുടർ നടപടികൾ ബാക്കി നിൽക്കുന്നു. തടസ്സങ്ങൾ തീർപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

6.പശു വളർത്തൽ (വനിത) (03/19) പ്രോജക്ടിന്റെ അടങ്കൽ വികസനഫണ്ട് ജനറൽ, ഗുണഭോക്തൃ വിഹിതം എന്നിവ 154,000 രൂപ വീതം ആകെ 3,08,000 രൂപയാണ്. ഗുണഭോക്തൃ വിഹിതം ബാങ്ക് വായ്പയായാണ് ആവിഷ്കരിച്ചിട്ടുള്ളത്. പദ്ധതിയുടെ ചെലവ് തൻ വർഷം വികസനഫണ്ട് ജനറൽ 1,40,000 രൂപയാണ്. ഗുണഭോക്തൃ വിഹിതം ബാങ്ക് വായ്പയായി ലഭ്യമാക്കി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വായ്പാ തുകയിലൂടെയുള്ള ഗുണഭോക്തൃ വിഹിതം ചെലവ്, സാംഖ്യ സോഫ്റ്റ്‌വെയറിൽ റെക്ടിഫിക്കേഷൻ ജേണൽ ചെയ്ത് ക്രമീകരിക്കാത്തതിനാൽ സുലേഖ സോഫ്റ്റ്‌വെയറിൽ ചെലവായി രേഖപ്പെടുത്തിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.6.2019 | 2019 ഫെബ്രുവരി മുതൽ മെയ് വരെ | 13.6.2019 |
| [illegible] | | | |

| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.03.2010 – 20.03.2010 | 2004-05 to 2008-09 | 24.04.2010 |
|---|---|---|---|

# 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

1)വസ്തു നികുതി സർവ്വീസ് സെസ്സ് ഇനത്തിലെ ഡിമാന്റ്, കളക്ഷൻ തുകകൾ താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിയ്ക്കുന്നു.

| | ഡിമാന്റ് | | കളക്ഷൻ | |
|---|---|---|---|---|
| | വാർഷിക കണക്കു പ്രകാരം | റജിസ്ററർ പ്രകാരം | വാർഷിക കണക്കു പ്രകാരം | റജിസ്ററർ പ്രകാരം |
| അരിയർ | 5998 | 11902 | 8299 | 8028 |
| തന്നാണ്ട് | വ്യത്യാസം ഇല്ല | വ്യത്യാസം ഇല്ല | 158598 | 150386 |

2) വസ്തു നികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിയ്ക്കുന്നു.

| ഇനം | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | വാർഷിക കണക്കു പ്രകാരം | റജിസ്ററർ പ്രകാരം (സഞ്ചയ) | വാർഷിക കണക്കു പ്രകാരം | റജിസ്ററർ പ്രകാരം (സഞ്ചയ) | വാർഷിക കണക്കു പ്രകാരം | റജിസ്ററർ പ്രകാരം (സഞ്ചയ) |
| വസ്തു നികുതി (തന്നാണ്ട്) | 5291881 | 5291868 | 4890785 | 4944019 | 153092 | 141920 |
| (അരിയർ) | 126768 | 386560 | 266590 | 267194 | 129571 | 122515 |

3) തനതു ഫണ്ടിന് താഴെ പറയും പ്രകാരം രണ്ടു ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിച്ചിട്ടുണ്ട്.

1. പഞ്ചാബ് നാഷണൽ ബാങ്ക്

2. ഊരകം സർവ്വീസ് കോപറേറ്റീവ് ബാങ്ക് .

ആയത് ക്രമപ്രകാരമല്ല.

4) ഷെഡ്യൂൾ ബി-18 പ്രകാരം, 1,60,527 രൂപ അഡ്വാൻസ് നീക്കിയിരിപ്പുണ്ട്. എന്നാൽ വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിൽ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

5) ഷെഡ്യൂൾ ബി-5 പ്രകാരം, 47,23,262 രൂപ ലോൺ നീക്കിയിരിപ്പുണ്ട്. എന്നാൽ വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിൽ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

6)അഡ്മിനിസ്ട്രേറ്റീവ്/ എസ്റ്റാബ്ളിഷ്മെന്റ് ചെലവുകൾക്ക് 2018-19 വർഷത്തേയ്ക്കു വേണ്ടി 2017-18 ലും, 2019-20 വർഷത്തേയ്ക്കു വേണ്ടി 2018-19 ലും B-9 ഷെഡ്യൂളിൽ പ്രൊവിഷൻ വച്ചിട്ടില്ല.

7) അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് രീതിയിലേക്ക് മാറുന്നതിനു മുമ്പുള്ള എല്ലാ ആസ്തി ബാധ്യതകളുകളുടേയും മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. തൻവർഷം ആർജിച്ച ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി അസറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിൽ ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

8) അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല.

9) NAOP, ബാങ്ക് പാസ് ബുക്ക പ്രകാരം 31.3.19 ന് നീക്കിയിരിപ്പുള്ള 21104 രൂപ തിരിച്ചടവാക്കേണ്ടതാണ്.

10) പ്രവർത്തനരഹിതങ്ങളായ താഴെ പറയുന്ന അക്കൗണ്ടുകൾ പ്രകാരം, 31.3.19 നുള്ള നീക്കിയിരിപ്പുകൾ തനതു ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല

| അക്കൗണ്ട് | അക്കൗണ്ട് നമ്പർ | നീക്കിയിരിപ്പ് |
|---|---|---|
| സാക്ഷരതാ | SBI 10427103699 | 901 |
| എസ്.എസ് എ | SBT 670127100-9 | 150573 |

11) SMGB (RCRSP)-ൽ വാർഷിക കണക്കുപ്രകാരം 28.3.2016ന് 14756 നീക്കിയിരിപ്പ് ഉണ്ട്. പാസ് ബുക്ക് ക്ലോസ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

12)2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളിലെ അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് നൽകിയിട്ടില്ല.

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയിട്ടില്ല

14.01.2011 ലെ സ.ഉ (അ) നമ്പർ 19/2011/തസ്വഭവ പ്രകാരം മൊബൈൽ ടവറുകൾക്ക് ചതുരശ്രമീറ്ററിന് 500 രൂപ നിരക്കിൽ വസ്തു നികുതി ചുമത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ, വെങ്കുളത്തു പ്രവർത്തിക്കുന്ന ഡിഷ് നെറ്റ് വയർലസ് ലിമിററഡ് എന്ന പേരിലുള്ള ടവറിന്റെ 2013 മുതലുള്ള വസ്തുനികുതി നാളിതുവരെയായി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വാർഡ് നം/ കെട്ടിട നം | വിസ്തീർണ്ണം | സ്ഥലമുടമയുടെ പേരും മേൽവിലാസവും | ടവർ സ്ഥാപിച്ച തീയതി | നിർണ്ണയിച്ച വാർഷിക നികുതി | നികുതി നിലവിൽ വന്ന വർഷം | ഈടാക്കേണ്ട നികുതി (രൂപ) |
|---|---|---|---|---|---|---|
| 11/256B | 44.4 ച.മീ | എസ്.ആർ പ്രേമാനന്ദ്, ഹെഡ് നെറ്റ് | ലഭ്യമാക്കിയിട്ടില്ല. | 26640 | 2013 ഒന്നാം അർദ്ധവർഷം മുതൽ | 6*26640 =159840 |

| | | | | | | |
|---|---|---|---|---|---|---|
| | | വർക്ക്,ഡിഷ് നെറ്റ് വയർലസ് ലിമിററഡ് | | | | |

മേൽ ടവറിന്റെ വസ്തു നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടു നൽകിയ 13/28.6.2019 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയായി, ടി ടവറിന്റെ വസ്തുനികുതി ഈടാക്കുന്നതിനു വേണ്ടി നിരവധി തവണ നോട്ടീസ് അയച്ചുവെങ്കിലും യാതൊരു മറുപടിയും പ്രസ്തുത കമ്പനിയിൽ നിന്നും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ പ്രോസിക്യൂഷൻ നടപടികളിലേയ്ക്ക് നീങ്ങിയിരിയ്ക്കുകയാണ് എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-2 വസ്തു നികുതി കുറവായി നിർണ്ണയിച്ചു

കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യങ്ങൾക്കുള്ള (ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗണുകൾ) കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി (ഏറ്റവും കുറഞ്ഞത്) നിരക്കുകൾ താഴെ കൊടുക്കുന്നു.

100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 30/- രൂപ / ച.മീ.

100ച.മീറ്ററിനു മുകളിൽ 200ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 50/- രൂപ / ച.മീ.

(ഭരണ സമിതി തീരുമാന പ്രകാരം, 100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവയ്ക്ക് 40/-രൂപ /ച.മീ.ഉം 100ച.മീറ്ററിനു മുകളിൽ 200ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവയ്ക്ക് 60/- രൂപ / ച.മീ.ഉം ആണ് നികുതി നിശ്ചയിച്ചിരിയ്ക്കുന്നത്)

ചെറിയ തറ വിസ്തീർണ്ണത്തിൽ (100ച.മീ. താഴെ) തിരിച്ച ഷോപ്പ് റൂമുകളടങ്ങിയതും എന്നാൽ ആകെ തറ വിസ്തീർണ്ണം 100ച.മീറ്ററിനു മുകളിൽ വരുന്നതുമായ വിവിധ വാണിജ്യ കെട്ടിടങ്ങൾക്ക് അവയുടെ തറ വിസ്തീർണ്ണം മൊത്തമായി പരിഗണിക്കാതെയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം 100ചതുരശ്ര മീറ്ററിനു മുകളിൽ വരുന്നതും മുകളിൽ പരാമർശിച്ച ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ വിവിധ നമ്പറുകൾ അനുവദിച്ച ഒറ്റക്കെട്ടിടത്തിന് നികുതി നിർണ്ണയിക്കുന്നതിലേക്ക് ഉയർന്ന നിരക്കിലുള്ള (50/-) അടിസ്ഥാന നികുതി പരിഗണിക്കേണ്ടതിനു പകരം 30/- രൂപയാണ് കണക്കിലെടുത്തിരിക്കുന്നത്. ആയതിനാൽ നികുതി നിർണ്ണയിച്ചതിൽ കുറവ് സംഭവിച്ചിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര് | വാർഡ് | കെട്ടിട നമ്പർ | ആകെ തറ വിസ്തീർണ്ണം ($m^2$) | റൂമുകളുടെ എണ്ണം | നിർണ്ണയിച്ച നികുതി @40 | നിർണ്ണയിക്കേണ്ട നികുതി @60 | കുറവ് |
|---|---|---|---|---|---|---|---|---|
| 1 | ശ്രീ. മുക്രിയൽ കല്ലിങ്ങൽ | 2 | 77 A മുതൽ Jവരെ | 203.78 | 10 | 8151.2 | 12226.8 | 4076 |
| 2 | ശ്രീ.ഇബ്രാഹിം / സമീറ കുട്ടി | 2 | 79Aമുതൽ Hവരെ | 211.88 | 8 | 8475.2 | 12712.8 | 4238 |
| 3 | ശ്രീ.അബ്ദുൾ റഹീം റസിയ മാട്ടിൽ | 11 | 250 B മുതൽ G വരെ | 239.82 | 6 | 9592.8 | 14389.2 | 4792 |
| 4 | ശ്രീ.അബ്ദുള്ളക്കുട്ടി | 1 | 10 A | 313.65 | 9 | 12546 | 18819 | 6273 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | മുതൽ I വരെ | | | | | |
| 5 | ശ്രീ.കുറ്റീരി അലവിക്കുട്ടി | 1 | 16 B മുതൽ I വരെ | 372.00 | 8 | 14880 | 22320 | 7440 |
| 6 | ശ്രീ ചുക്കൻ മൊയ്തീൻ കുട്ടി | 1 | 214 Aമുതൽ H വരെ | 344.8 | 8 | 13792 | 20688 | 6896 |
| | | | | | | | ആകെ | 33715 |

50/- രൂപ അടിസ്ഥാന നികുതിയായി പരിഗണിക്കാതെ നികുതി നിർണ്ണയിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടു നൽകിയ 15/1.7.2019 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി നിർണ്ണയിച്ചതിൽ വന്ന കുറവ് ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി അറിയിയ്ക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി അപാകതകൾ

2018-19 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി രജിസ്റ്ററുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) ബഹു. ഹൈക്കോടതിയുടെ 4.9.2012ലെ WP(C)1042/2012 ഉത്തരവു പ്രകാരം പ്രൈമറി അധ്യാപകർക്ക് കുറഞ്ഞത് 10000 രൂപ പ്രതിമാസ വേതനം ഉറപ്പു വരുത്തിയിട്ടുള്ളതാണ്. അതനുസരിച്ച്അധ്യാപകരുടെ മിനിമം അർദ്ധവാർഷിക വരുമാനം 60000 രൂപയായി കണക്കാക്കി ആനുപാതികമായ തൊഴിൽനികുതി ഈടാക്കേണ്ടതായിരുന്നു. എന്നാൽ താഴെപ്പറയുന്ന അൺ എയ്ഡഡ് സ്കൂളുകളിലെ അധ്യാപക ജീവനക്കാരിൽനിന്നും ഇപ്രകാരം തൊഴിൽനികുതി ഈടാക്കിയില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| സ്കൂളിന്റെ പേര് | അധ്യാപകരുടെ എണ്ണം | അർദ്ധ വാർഷിക വരുമാന നിരക്ക് (റിട്ടേൺ പ്രകാരം) | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | ഈടാക്കാൻ അവശേഷിയ്ക്കുന്ന നികുതി |
|---|---|---|---|---|---|
| മനാറുൽ ഹുദാ എ. യു പി സ്കൂൾ വേങ്ങര | 10 | 30000-42000 | 10*300 =3000 | 10*600 =6000 | 3000 |
| അൽ ഇഹ്സാൻ ഇംഗ്ലീഷ് സ്കൂൾ, വേങ്ങര | 1 | 57000 | 450 | 600 | 150 |
| | 1 | 50100 | 450 | 600 | 150 |
| | 63 | 43500 | 63*300 =18900 | 63*600 =37800 | 18900 |

**ആകെ 22200/-**

ബഹു. ഹൈക്കോടതിയുടെ ഉത്തരവിൽ സൂചിപ്പിച്ച തരത്തിൽ മിനിമം വേതനം അടിസ്ഥാനമാക്കിയുള്ള അർദ്ധ വാർഷിക വരുമാനം ഉൾപ്പെടുത്തി അർദ്ധവാർഷിക റിട്ടേണുകൾ സമർപ്പിക്കേണ്ടതു സംബന്ധിച്ച നിർദ്ദേശം സ്ഥാപനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

ബഹു. ഹൈക്കോടതിവിധി പ്രകാരം മിനിമം വേതനം ഉറപ്പാക്കിയിട്ടുള്ള സ്വകാര്യ സ്കൂൾ അധ്യാപകരുടെ തൊഴിൽനികുതി റിട്ടേണുകളിൽ, മിനിമം വേതനത്തിലും കുറവായ പ്രതിമാസ വരുമാനം രേഖപ്പെടുത്തി റിട്ടേൺ സമർപ്പിച്ചത് തൊഴിൽവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

<u>2. ഓഡിറ്റോറിയങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല.</u>

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിയ്ക്കുന്ന താഴപ്പറയുന്ന ഓഡിറ്റോറിയങ്ങളിൽ നിന്നും രണ്ടു അർദ്ധവർഷങ്ങളിലേയും സ്ഥാപനതൊഴിൽനികുതിയും ജീവനക്കാരുടെ തൊഴിൽനികുതിയും ഈടാക്കിയില്ല.

1)സുൽത്താന ഓഡിറ്റോറിയം, വെങ്കുളം (13/272 എ)

2)ഖലീജ് ഓഡിറ്റോറിയം, ചാലിൽകുണ്ട് (16/209 ബി)

3)ഡി ഗ്രാന്റ് ഓഡിറ്റോറിയം, കാരാത്തോട് (10/52 എ)

<u>3)കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.</u>

2018-19 വർഷത്തിൽ 18 കരാറുകാർ ഗ്രാമപഞ്ചായത്തിന്റെ വിവിധ പദ്ധതികൾ ഏറ്റെടുത്തു നടത്തിയിട്ടുണ്ട്. എന്നാൽ കരാറുകാരാരും തന്നെ തൻവർഷത്തെ രണ്ടു അർദ്ധവർഷങ്ങളിലെയും തൊഴിൽനികുതി റിട്ടേണുകൾ സമർപ്പിക്കുകയോ തൊഴിൽനികുതി അടവാക്കുകയോ ചെയ്തിട്ടില്ല. ഈ കരാറുകാർ, മറ്റേതെങ്കിലും പഞ്ചായത്തിൽ തൊഴിൽനികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരവും ലഭ്യമാക്കേണ്ടതാണ്.

അപാകതകൾ സംബന്ധിച്ച നൽകിയ 8 /28.6.19 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

# 2-4 ഡി&ഒ ലൈസൻസ് ഫീ പൊതു അപാകതകൾ

2018-19 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്റെ കീഴിലുള്ള 17 വാർഡുകളിൽ നിന്നും ലഭ്യമാക്കിയ 296 ഡി&ഒ ലൈസൻസ് ഫീ അപേക്ഷകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1.അപേക്ഷയിൻമേലുള്ള അന്വേഷണറിപ്പോർട്ട്, പരിശോധനാറിപ്പോർട്ട് എന്നിവ അപേക്ഷകളിൽ രേഖപ്പെടുത്തുകയോ ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2.ജി.ഒ (ആർ ടി) 795/2007 ത.സ്വ. ഭ .വ തീയതി. 16.3.2007 പ്രകാരമുള്ള സ്ഥലനാമ സാക്ഷ്യപത്രം, പ്ലാസ്റ്റിക് നിരോധന സാക്ഷ്യപത്രം എന്നിവ പല അപേക്ഷകളിലും കാണുന്നില്ല.

3.ഹോട്ടലുകൾ, കാറ്ററിംഗ് സർവീസ് കേന്ദ്രങ്ങൾ, കൂൾബാറുകൾ തുടങ്ങിയവയ്ക്കുള്ള ലൈസൻസ് അപേക്ഷകളോടൊപ്പം സാനിട്ടറി സർട്ടിഫിക്കറ്റ് ലഭ്യമാക്കിക്കാണുന്നില്ല.

4.ലഭ്യമാക്കിയ പല അപേക്ഷകളിലും കച്ചവടത്തിന്റെ സ്വഭാവം, തരം, മൂലധന നിക്ഷേപം എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തന്നെ ചട്ടമനുസരിച്ചുള്ള ഫീ തന്നെയാണോ ഈടാക്കിയിട്ടുള്ളത് എന്ന് കൃത്യമായി പരിശോധിക്കാനുമായിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ കച്ചവട സ്ഥാപനങ്ങളും ലൈസൻസോടുകൂടിതന്നെയാണ് പ്രവർത്തിക്കുന്നത് എന്നും, ചട്ടമനുസരിച്ചുള്ള ഫീ തന്നെയാണ് സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്നത് എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എൽ.ഇ.ഡി ബൾബ് സ്ഥാപിക്കൽ - പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ

പ്രൊജക്റ്റ് നം : 14/19 (117/18)

അടങ്കൽ : 490650 (പ്ലാൻ)

ചെലവ് : 367596.00, ബിൽ നമ്പർ - 12/16.10.18

നിർവ്വഹണം : സെക്രട്ടറി

നിലവിലുള്ള തെരുവ് വിളക്കുകൾ അഴിച്ചുമാറ്റി പകരം ISO ഗുണ നിലവാരമുള്ള, മുഴുവനും അലുമിനിയം ഫ്രെയിമിലുള്ള, നാല് വർഷം വാറണ്ടിയുള്ള, 30 വാട്സ് എൽ.ഇ.ഡി.ലൈറ്റ് സ്ഥാപിക്കാനാണ് പ്രൊജക്ട്. ഇതിന്റെ നിർവ്വഹണത്തിന് എ1/220/17 25.8.17 നമ്പർ നോട്ടീസ് പ്രകാരം ടെണ്ടർ ക്ഷണിച്ചു. മെനോറ പവേർസ്, അലുമിന, അമ്മിനി എന്നീ മൂന്ന് കമ്പനികളാണ് നോട്ടീസിനെ തുടർന്ന് ടെണ്ടർ സമർപ്പിച്ചത്. ഇതിൽ അമ്മിനി എനർജി സിസ്റ്റത്തിന്റെ ടെണ്ടർ 1(1)/17.10.17 നമ്പർ ഭരണ സമിതി തീരുമാനം പ്രകാരം അംഗീകരിച്ച്, എ1/220/17 1.11.17 പ്രകാരം സെലക്ഷൻ മെമോ നൽകി. 16.3.18 ന് പഞ്ചായത്തുമായി കരാർ ഒപ്പു വച്ച സ്ഥാപനം, ഇൻവോയ്സ് നമ്പർ. INV-AA0122/30.3.18 പ്രകാരം, 230 എൽ.ഇ.ഡി ലൈറ്റുകൾ ആകെ 490128.00 രൂപ ചെലവിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇൻവോയ്സ് തുകയുടെ 75% തുകയായ 367596.00 രൂപ ഇതേ തുടർന്ന് മേൽപ്പറഞ്ഞ ബിൽ പ്രകാരം സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ബാക്കി 25% ലൈറ്റിന്റെ ക്വാളിറ്റി ടെസ്റ്റ് ചെയ്ത ശേഷം നൽകാനാണ് തീരുമാനം.

ഈ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. 1(1)/17.10.17 നമ്പർ ഭരണ സമിതി തീരുമാനത്തിൽ അമ്മിനി, മെനോറ പവേർസ്, അലുമിന എന്നീ മൂന്ന് കമ്പനികൾ യഥാക്രമം യൂണിറ്റിന് 2643, 2900, 3600 നിരക്കുകൾ സമർപ്പിച്ചതായും, ഇതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത അമ്മിനിയുടെ 2643.00 രൂപ നിരക്ക് അംഗീകരിച്ചതായുമാണ് പറഞ്ഞിട്ടുള്ളത്. ലൈറ്റിന്റെ വില, ഇൻസ്റ്റലേഷൻ ചാർജ്, സൂപ്പർവിഷൻ ചാർജ്, മൂന്ന് വർഷത്തെ അഡീഷണൽ വാറണ്ടി എന്നിവക്ക് യഥാക്രമം 1765 + 177 + 189 + 332 = 2463.00 രൂപയാണ് അമ്മിനി ക്വാട്ട് ചെയ്തിരുന്നത്. ആയതിനാൽ 2643 രൂപ എന്ന നിരക്ക് അംഗീകരിക്കുന്ന ഭരണ സമിതി തീരുമാനം വസ്തുതാപരമല്ല എന്ന് കാണുന്നു. പ്രൊജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച് സെക്ഷൻ ക്ലർക്ക് നോട്ട് ഫയൽ സൂക്ഷിച്ചിട്ടില്ല. ടെണ്ടറുകളുടെ ടാബുലേഷൻ സ്റ്റേറ്റ്മെന്റും തയ്യാറാക്കിയിട്ടില്ല. അതുപോലെ സെലക്ഷൻ നോട്ടീസിലും, എഗ്രിമെന്റിലും അംഗീകരിച്ച നിരക്ക് എത്രയാണെന്ന് പറഞ്ഞിട്ടില്ല. അതിനാൽ അംഗീകരിച്ച നിരക്ക് സംബന്ധിച്ച് അവ്യക്തതയുണ്ട്.

2. ടെണ്ടർ നോട്ടീസ് പ്രകാരം കെ.എസ്.ഇ.ബി യിൽ സൂപ്പർവിഷൻ ചാർജ് അടവാക്കേണ്ടത് കരാറുകാരനാണ്. പഴയ തെരുവ് വിളക്കുകൾ സ്വന്തം ചെലവിൽ അഴിച്ച് മാറ്റി കരാറുകാരൻ രേഖാമൂലം സെക്രട്ടറിക്ക് കൈമാറണം. ലഭ്യമാക്കുന്ന ലൈറ്റുകൾക്ക് നാല് വർഷത്തെ റിപ്ലേസ്മെന്റ് ഗ്യാരണ്ടിയും സൗജന്യ പരിപാലന കാലയളവും ഉണ്ടാകണം. ഈ നിബന്ധനകൾ എല്ലാം പാലിച്ച് നികുതികൾ ഉൾപ്പെടെ ഒരു യൂണിറ്റിന്റെ വിലയാണ് ക്വാട്ട് ചെയ്യേണ്ടത്. ആയതിനാൽ യൂണിറ്റിന് 1942 രൂപ (വില 1765 + ഇൻസ്റ്റല്ലേഷൻ ചാർജ് 177 = 1942) നിരക്കിലാണ് അമ്മിനിയുടെ ടെണ്ടർ അംഗീകരിക്കാവുന്നത്. ഇതനുസരിച്ച് 230 x 1942 = 446660.00 രൂപയാണ് 230 ലൈറ്റുകൾക്ക് വില നൽകേണ്ടത്. എന്നാൽ 2131.00 രൂപ (2131 x 230 =490130.00, ഇൻവോയ്സ് പ്രൈസ് - 490128/- 1765 + 177 + 189 = 2131) നിരക്കിലാണ് ലൈറ്റുകൾ ലഭ്യമാക്കിയിട്ടുള്ളത്. കെ.എസ്.ഇ.ബി സൂപ്പർവിഷൻ ചാർജ് ഇനത്തിൽ കരാറുകാരൻ ടെണ്ടറിൽ ക്വാട്ട് ചെയ്ത 189.00.രൂപ ഉൾപ്പെടെയുള്ള നിരക്കാണ് ഇത്. ആയതിനാൽ ഇൻവോയ്സ് പ്രകാരമുള്ള തുക അർഹമായതിലും 43470.00 രൂപ അധികരിച്ച തുകയാണ്. ഈ അപാകത പരിശോധിക്കാതെ തുക അനുവദിച്ചത് വീഴ്ചയാണ്.

ഈ പ്രവൃത്തിയുടെ സൂപ്പർവിഷൻ ചാർജ് ഇനത്തിൽ 8162/- രൂപ മാത്രം അടവാക്കാനാണ് 1.1.19 ലെ DB/AE/ES/OKM നമ്പർ കത്ത് പ്രകാരം ഊരകം സെക്ഷനിലെ കെ.എസ്.ഇ.ബി അസിസ്റ്റന്റ് എഞ്ചിനീയർ ആവശ്യപ്പെട്ടിട്ടുള്ളത്.

3. ടെണ്ടർ നോട്ടീസ് പ്രകാരം ലൈറ്റിന് നാല് വർഷത്തെ വാറണ്ടി വേണം. അമ്മിനി എനർജി സിസ്റ്റത്തിന്റെ ടെണ്ടറിൽ നാല് വർഷത്തെ വാറണ്ടി വാഗ്ദാനം ചെയ്തിട്ടുണ്ട്. എന്നാൽ ഇൻവോയ്സിൽ ബിൽ തീയ്യതി മുതൽ ഒരു വർഷത്തെ വാറണ്ടിയാണ് പറഞ്ഞിട്ടുള്ളത്.

4. പ്രൊജക്റ്റിന്റെ വിവിധ നിർവ്വഹണ ഘട്ടങ്ങൾ പൂർത്തിയാക്കുന്നതിൽ വലിയ കാലതാമസം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ പറയുന്നു.

| നടപടിക്രമങ്ങൾ | | ഇടവേള | അഭിപ്രായം |
|---|---|---|---|
| 17.10.17ന് ഭരണ സമിതി ടെണ്ടർ അംഗീകരിച്ചു. | 1.11.17 ന് സെലക്ഷൻ മെമോ അയച്ചു. | 13 ദിവസം | 10.11.17 നകം 25000/- രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് സമർപ്പിച്ച് എഗ്രിമെന്റ് ഒപ്പുവയ്ക്കാൻ നിർദ്ദേശിച്ചു. |
| 1.11.17 ന് സെലക്ഷൻ മെമോ അയച്ചു. | 18.1.18 ന് വീണ്ടും സെലക്ഷൻ മെമോ അയച്ചു. | 47 ദിവസം | ഇപ്രകാരം വീണ്ടും സെലക്ഷൻ മെമോ അയച്ചതിന് കാരണം വ്യക്തമല്ല. ആയത് വിശദീകരിക്കേണ്ടതാണ്. |
| 18.1.18ന് സെലക്ഷൻ മെമോ അയച്ചു. | 16.3.18 ന് കരാർ ഒപ്പ് വച്ചു | 56ദിവസം | കാല താമസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്. |
| 30.3.18 ന് ലൈറ്റുകൾ ലഭ്യമാക്കി. | 16.10.18 ന് ഭാഗികമായി പണം നൽകി. | 7മാസം 15 ദിവസം | ബില്ല് അനുവദിക്കുന്നതിലുണ്ടായ കാലതാമസത്തിന് കാരണം വ്യക്തമല്ല. ആയത് വിശദീകരിക്കേണ്ടതാണ്. |
| 30.3.18 ന് ലൈറ്റുകൾ ലഭ്യമാക്കി. | നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. | 1 വർഷം 3 മാസം. | ലൈറ്റുകൾ ഫിറ്റ് ചെയ്തത് സംബന്ധിച്ച രേഖകൾ ഒന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. |

5. പഴയ തെരുവ് വിളക്കുകൾ അഴിച്ചുമാറ്റിയതിന്റെ രേഖകളും, പുതിയ ലൈറ്റുകൾ സ്റ്റോക്കിലെടുത്ത സ്റ്റോക്ക് രജിസ്റ്ററും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഈ അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.16/2.7.19)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽപ്പറഞ്ഞ ബിൽ പ്രകാരം ചെലവഴിച്ച 3,67,596.00 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

മേൽ ക്രമ നമ്പർ 2 പ്രകാരം അധികം നൽകാനിടയായ 43,470.00 രൂപ അന്തിമ ബില്ലിൽ ക്രമീകരിക്കേണ്ടതാണ്. അതുപോലെ സൂപ്പർവിഷൻ ചാർജ് ഇനത്തിൽ കെ.എസ്.ഇ.ബി യിൽ അടവാക്കേണ്ട 8162/- രൂപ കരാറുകാരനോട് അടവാക്കാൻ നിർദ്ദേശിക്കുകയോ, അല്ലെങ്കിൽ കരാറുകാരന്റെ അന്തിമ ബില്ലിൽ നിന്നും ഈടാക്കി അടവാക്കുകയോ ചെയ്യേണ്ടതാണ്. ക്രമ നമ്പർ 1, 3, 4, 5 അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-2 പരസ്യ ഏജൻസി മുഖേന പത്ര പരസ്യം നൽകിയത് സംബന്ധിച്ച്

ഇൻസ്റ്റന്റ് അഡ്സ്, പെരിന്തൽമണ്ണ എന്ന സ്ഥാപനം മുഖേനയാണ് ഗ്രാമ പഞ്ചായത്ത് തൻവർഷം വിവിധ വാങ്ങലുകളുമായും മരാമത്ത് പ്രൊജക്ടുകളുടെ നിർവ്വഹണവുമായും മറ്റും ബന്ധപ്പെട്ട പരസ്യങ്ങൾ (ടെണ്ടർ/ക്വട്ടേഷൻ പരസ്യങ്ങൾ മുതലായവ) ചന്ദ്രിക, മാതൃഭൂമി, ഇൻഡ്യൻ എക്സ്പ്രസ്സ് തുടങ്ങിയ പത്രങ്ങളിൽ പ്രസിദ്ധീകരണത്തിന് നൽകിയിട്ടുള്ളത്. പരസ്യങ്ങൾ പ്രസിദ്ധീകരിച്ച ശേഷം പരസ്യ ഏജൻസി നൽകുന്ന ഇൻവോയ്സ് പ്രകാരം പ്രസ്തുത സ്ഥാപനത്തിന് തുക അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. ആയതിന്റെ വിശദാംശം താഴെ പറയുന്നു.

| ക്രമ നമ്പർ | വൗച്ചർ/ബിൽ നമ്പർ, തുക (രൂപ) | ഇൻസ്റ്റന്റ് അഡ്സ് ന്റെ ഇൻവോയ്സ് നമ്പർ | തുക (രൂപ) | അഭിപ്രായം |
|---|---|---|---|---|
| 1 | ബിൽ നം.8/7.8.18 17136/- രൂപ (പ്ലാൻ ) | G0024/4.7.18 | 8568.00 | പ്രൊജക്ട് നമ്പർ 6/19 പദ്ധതി രൂപീകരണം. |
| | | G0027/25.7.18 | 8568.00 | |
| | | ആകെ | 17136.00 | |
| 2 | ബിൽ നം.15/15.11.18 21586/- (പ്ലാൻ ) വൗച്ചർ നം.21800546/15.1.19 3866/- (തനത്) | G0044/16.11.18 | 8316.00 | പ്രൊജക്ട് നമ്പർ 6/19 പദ്ധതി രൂപീകരണം. (പ്ലാൻ ചെലവ്) |
| | | G0049/5.12.18 | 8568.00 | |
| | | G0052/25.12.18 | 8568.00 | |
| | | ആകെ | 25452.00 | |
| 3 | വൗച്ചർ നം.21800566/17.1.19 42336/- (തനത്) | G0046/25.11.18 | 8316.00 | പ്രൊജക്ടിൽ വകയിരുത്തിയ തുക തികയാതെ വന്നതിനാൽ തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്തു. |
| | | G0048/28.11.18 | 8316.00 | |
| | | G0035/20.09.18 | 8568.00 | |
| | | G0039/14.10.18 | 8568.00 | |
| | | G0053/03.01.19 | 8568.00 | |
| | | | | |

| | | | | |
|---|---|---|---|---|
| | | ആകെ | 42336.00 | |
| 4 | വൗച്ചർ നം.2180057/22.2.19<br>16884/- (തനത്) | G0056/09.01.19 | 8316.00 | പ്രൊജക്ടിൽ വകയിരുത്തിയ തുക തികയാതെ വന്നതിനാൽ തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്തു. |
| | | G0062/09.02.19 | 8568.00 | |
| | | ആകെ | 16884.00 | |
| ആകെ (മൊത്തം) | | | 101808.00 | |

ഇത് സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

1. വൗച്ചറുകൾക്കൊപ്പം പത്രക്കമ്പനികളുടെ ബില്ലുകൾ വച്ചിട്ടില്ല. അതിനാൽ പത്രക്കമ്പനികളുടെ ഇൻവോയ്സുകളിൽ അധികരിച്ച തുക പരസ്യ ഏജൻസിക്ക് നൽകിയിട്ടുണ്ടോയെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2. ജി.ഒ (ആർ.ടി)1/2011/ഐ&പി.ആർ.ഡി 4.1.2011 പ്രകാരം ഇംഗ്ലീഷ് പത്രങ്ങളിൽ ഒഴികെയുള്ള പത്ര പരസ്യങ്ങൾ പി.എ & എ.ആർ.ഡി മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത കുറവ് മേൽപ്പറഞ്ഞ പരസ്യങ്ങളുടെ ബില്ലുകളിൽ നിന്നും ലഭിച്ചിട്ടില്ല.

ഈ അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.17/2.7.19) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽപ്പറഞ്ഞ പ്രകാരം ചെലവ് ചെയ്ത 101808.00 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

പരസ്യ ഏജൻസിയുടെ ഇൻവോയ്സുകളുമായി ബന്ധപ്പെട്ട പത്രക്കമ്പനികളുടെ ബില്ലുകൾ പരിശോധിച്ച് അധിക തുക നൽകിയിട്ടില്ല എന്ന് ഉറപ്പാക്കേണ്ടതും, മലയാള പത്രങ്ങളിൽ പ്രസിദ്ധീകരിച്ച പരസ്യങ്ങൾക്ക് ചെലവഴിച്ച ആകെ തുക കണക്കാക്കി ആയതിന്റെ 15% തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികളുടെ വിശദാംശം പ്രഥമ മറുപടിക്കൊപ്പം ലഭ്യമാക്കേണ്ടതാണ്.

# 3-3 ആലക്കാപ്പറമ്പ് റോഡ് റീ ടാറിംഗ് - പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ .

പ്രൊജക്ട് നം : 142/19 (55/17,142/18)

അടങ്കൽ : 287127 (MG(R))

ചെലവ് : 287127.00, ബിൽ നമ്പർ - 4/18.5.18
112873.00 ബിൽ നമ്പർ - 27/25.3.17

ആകെ: 400000.00

കരാർ നം : 32/9.2.17

എംബുക്ക് നം: 190/17-18

TS N0 :21092/2016-17, 400000.00

കൺവ്വീനർ : സന്തോഷ്.ടി

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് നമ്പർ.55/17 ആയി 2016-17 ൽ നിർവ്വഹണം ആരംഭിച്ച ഈ പ്രൊജക്ട് പ്രകാരം, പ്രസ്തുത വർഷം ബിറ്റുമിൻ വാങ്ങുന്നതിനായി ചെലവ് ചെയ്ത 112873.00 രൂപയും, തൻ വർഷത്തെ ചെലവ് 287127.00 രൂപയും ഉൾപ്പെടെ ആകെ 400000.00 രൂപ ചെലവ് ചെയ്തിട്ടുണ്ട്. ഈ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

എ) <u>ബിൽ അനുവദിച്ചപ്പോൾ നികുതി ഇനങ്ങളിലും ഓവർഹെഡ് ഇനത്തിലും, ബിറ്റുമിൻ കൺവേയൻസ് ഇനത്തിലും മറ്റും തുകകൾ കുറവ് ചെയ്തിട്ടില്ല – 45050.00 രൂപ കൺവീനർക്ക് അധികം നൽകി.</u>

വിശദാംശങ്ങൾ താഴെ പറയുന്നു.

<u>ഫൈനൽ ബിൽ അനുവദിച്ച വിധം</u>

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 402327.87 |
| ടി.എസിൽ ലിമിറ്റ് ചെയ്തു | 400000.00 |
| ലഭ്യമായ ഫണ്ട്, MG(R) | 287127.00 |
| (-)വരുമാന നികുതി 1% | 2871.00 |
| (-)നിർമ്മാണ തൊഴിലാളി ക്ഷേമ നിധി 1% | 2871.00 |
| കൺവീനർക്ക് നൽകിയത് | 281385.00 |
| ബാക്കി നൽകാൻ | 112873.00 |

<u>ഫൈനൽ ബിൽ യഥാർത്ഥത്തിൽ അനുവദിക്കേണ്ട വിധം</u>

| വിവരണം | തുക (രൂപ) | കുറിപ്പ് |
|---|---|---|
| ആകെ പ്രവൃത്തി മൂല്യം | 402327.87 | |
| ടി.എസിൽ ലിമിറ്റ് ചെയ്തു | 400000.00 | |
| (-) 5% വാറ്റ് | 20000.00 | (1) |
| ബാക്കി | 380000.00 | |
| (-)ബിറ്റുമിന്റെ വില | 112873.00 | (2) |
| ബാക്കി | 267127.00 | |
| (-)2.5% ഓവർ ഹെഡ് | 8909.40 | (3) |
| (-)2% IT | 8000.00 | (4) |
| (-)1% KCWWF | 4000.00 | (5) |
| (-) ബിറ്റുമിൻ കൺവേയൻസ് | 3536.03 | (6) |
| (-) ബിറ്റുമിൻ കൺവേയൻസ് | 1072.32 | (7) |
| (-)ലോഡിംഗ് & അൺലോഡിംഗ് ചാർജ് | 2746.41 | (8) |
| (-) ഒഴിഞ്ഞ ബാരലുകളുടെ വില | 2142.00 | (9) |
| (-) -ടി- 18%നികുതി | 385.56 | |
| ബാക്കി കൺവീനർക്ക് | 236335.28 | |

<u>കുറിപ്പ്:-</u>

1) 15.12.2017 നാണ് പ്രവൃത്തി പൂർത്തിയായിട്ടുള്ളത്. 1.7.2017 മുതൽ ജി.എസ്.ടി നടപ്പിലാക്കിയിട്ടുള്ളതിനാൽ എസ്റ്റിമേറ്റിൽ വാറ്റ് അടയ്ക്കുന്നതിന് ഓവർഹെഡ് ഇനത്തിൽ വകയിരുത്തിയ 5% തുക ബില്ലിൽ നിന്നും കുറവാക്കണം.

2) ആഡിക്വസി പ്രകാരം ബിറ്റുമിൻ വാങ്ങുന്നതിന് പ്രൊജക്ട് അടങ്കലിൽ നിന്നും പിൻവലിച്ച തുകയാണ് 2016-17ൽ ആരംഭിച്ച, ഗ്രാമപഞ്ചായത്ത് ബിറ്റുമിൻ വാങ്ങിനൽകിയ, എല്ലാ റോഡ് നിർമ്മാണ പ്രൊജക്ടുകളിൽ നിന്നും കുറവ് വരുത്തിയിട്ടുള്ളത്.

3) ചീഫ് എഞ്ചിനീയറുടെ 29.12.16 ലെ DB3/6512B/13/CE/LSGD നമ്പർ സർക്കുലർ പ്രകാരം റോഡ് നിർമ്മാണത്തിന് മോർഡ് സ്പെസിഫിക്കേഷൻ ഉപയോഗിച്ച് പ്രൈസിൽ തയ്യാറാക്കുന്ന കൺവീനർ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ 10% ഓവർഹെഡ് വകയിരുത്തിയതിനാൽ, ബിൽ അനുവദിക്കുമ്പോൾ 7.5% ൽ ലിമിറ്റ് ചെയ്യണമെന്ന് നിർദ്ദേശമുണ്ട്. എസ്റ്റിമേറ്റിലെ ആദ്യ രണ്ട് ഇനങ്ങൾ മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള പ്രവൃത്തികൾ അല്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തികളുടെ മൂല്യം യഥാക്രമം 4456.66 + 39167.42 = 43624.08 രൂപ പ്രൊജക്ടിന്റെ ആകെ പ്രവൃത്തി മൂല്യത്തിൽ നിന്നും കുറവ് വരുത്തിയ ശേഷമാണ് 2.5% തുക കണക്കാക്കിയിട്ടുള്ളത്.

4) കൺവീനർ പ്രവൃത്തികളിൽ നിന്നും മൊത്തം പ്രവൃത്തി മൂല്യത്തിന്റെ 2% നിരക്കിൽ IT കുറവ് വരുത്തി അടവാക്കണം. ഈ പ്രൊജക്ടിൽ ബിറ്റുമിന് ചെലവഴിച്ച തുക കഴിച്ചുള്ള തുകക്ക് മേൽ 1% നിരക്കിലാണ് IT കുറച്ചിട്ടുള്ളത്.

5)മൊത്തം പ്രവൃത്തി മൂല്യത്തിന്റെ 1% നിരക്കിൽ KCWWF കുറവ് വരുത്തുന്നതിന് പകരം, ഈ പ്രൊജക്ടിൽ ബിറ്റുമിന് ചെലവഴിച്ച തുക കഴിച്ചുള്ള തുകക്ക് മേൽ 1% നിരക്കിലാണ് കുറച്ചിട്ടുള്ളത്.

6)2252.25 കി.ഗ്രാം S65 ബിറ്റുമിൻ ഈ പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടുണ്ട്. അതിന് കി.ഗ്രാമിന് 1.57 രൂപ നിരക്കിൽ കുറക്കേണ്ടത്.

7. 494.16 കി.ഗ്രാം RS1&SS1 ബിറ്റുമിൻ ഈ പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടുണ്ട്. അതിന് കി.ഗ്രാമിന് 2.17 രൂപ നിരക്കിൽ കുറക്കേണ്ടത്.

8.ആകെ4746.41 കി.ഗ്രാം ബിറ്റുമിൻ ഈ പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടുണ്ട്. അതിന് കി.ഗ്രാമിന് 0.28 രൂപ നിരക്കിൽ കുറക്കേണ്ടത്.

9) 8+1=9 ബാരൽ + 76.00 കി.ഗ്രാം VG30 ബിറ്റുമിൻ ഈ പ്രവൃത്തിക്ക് ഇഷ്യൂ ചെയ്തതായാണ് ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

കൺവീനർക്ക് നൽകിയ തുക – 281385.00 (-)

കൺവീനർക്ക് നൽകേണ്ട തുക - 236335.00

അധികം നൽകിയത് - 45050.00

ബി) ആഡിക്വസിക്കനുസൃതമായി ബിറ്റുമിൻ അനുവദിച്ചിട്ടില്ല.

അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയത് പ്രകാരം ഈ പ്രൊജക്ടിൽ ഉൾപ്പെട്ട വിവിധ പ്രവൃത്തികളും, ആയതിന് വിനിയോഗിച്ചിട്ടുള്ള ബിറ്റുമിനും താഴെ പറയുന്നു.

| ഐറ്റം നമ്പർ | പ്രവൃത്തിയുടെ കോഡ് | നിർവ്വഹിച്ച അളവ് (എം2) | ഉപയോഗിച്ച ബിറ്റുമിൻ (കി.ഗ്രാം) | ബിറ്റുമിന്റെ തരം |
|---|---|---|---|---|
| 2 | 5.1.1a | 314.00 | 266.90 | SS1 |
| 3 | 5.2.3a | 314.00 | 86.35 | RS1 |

| | | | | |
|---|---|---|---|---|
| 4 | 5.5.B.2a | 61.58 | 123.16 | VG30 |
| 5 | 5.5.A.1a | 93.04 | 162.82 | VG30 |
| 6 | 5.2.1a | 626.30 | 140.91 | RS1 |
| 7 | 5.9.1.2a | 931.90 | 1360.57 | VG30 |
| 8 | 5.12.A.3.2a | 931.90 | 605.73 | VG30 |

ആകെ ഉപയോഗം - SS1-266.90 കി.ഗ്രാം, RS1-227.26 കി.ഗ്രാം, VG30-2252.25 കി.ഗ്രാം. (ആഡികൃസി കണക്കാക്കിയത് യഥാക്രമം 263.50, 224.75, S65-2245.53 കി.ഗ്രാം)

എന്നാൽ ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 8+1=9 ബാരൽ + 76.00 = 1568.29 കി.ഗ്രാം ((9x165.81)+76=1568.29) VG30 ബിറ്റുമിൻ ആണ് ഈ പ്രവൃത്തിക്ക് ഇഷ്യൂ ചെയ്തിട്ടുള്ളത്. ഇതിൽ നിന്നും ആവശ്യമുള്ളതിലും 683.96 കി.ഗ്രാം (2252.25-1568.29=683.96) കുറവ് VG30 ബിറ്റുമിനാണ് പ്രവൃത്തിക്ക് അനുവദിച്ചിട്ടുള്ളത് എന്ന് കാണുന്നു. അതുപോലെ SS1-266.90 കി.ഗ്രാം, RS1-227.26 കി.ഗ്രാം എന്നിങ്ങനെ പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടുണ്ടെന്ന് അളവ് എഴുതിയിട്ടുണ്ടെങ്കിലും, ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഈ പ്രൊജക്ടിന് SS1, RS1 ബിറ്റുമിൻ അനുവദിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം9/28.6.2019) ക്ക് ലഭ്യമാക്കിയ 28.6.19 തീയ്യതി മറുപടിയിൽ അധികം നൽകാനിടയായ 45050.00 രൂപ കൺവീനറിൽ നിന്നും തിരിച്ച് പിടിച്ച് അടവാക്കും എന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ മേൽ ക്രമ നമ്പർ (എ) അപാകതക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ 45050.00 രൂപ പ്രവൃത്തിയുടെ അന്തിമ ബിൽ അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു. ക്രമ നമ്പർ (ബി) അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

# 3-4 കാപ്പിൽ കുണ്ട് റോഡ് റീ ടാറിംഗ് - ആഡികൃസി പ്രകാരം വേണ്ടതിൽ അധികം ബിറ്റുമിൻ അനുവദിച്ചത് സംബന്ധിച്ച്.

പ്രൊജക്റ്റ് നം : 205/19 (154/17,141/18)

അടങ്കൽ : 192250.MG(R), (154/17-261000.00)

ചെലവ് : 179200.00, ബിൽ നമ്പർ - 20/6.9.18

68750.00 ,2016-17

ആകെ: 247950.00

കരാർ നം : 31/9.2.17

എംബുക്ക് നം: 100/17-18

TS N0 :35644/2016-17,

കൺവ്വീനർ : മൻസൂർ.പി

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

ഈ പ്രൊജക്ടിന് ആഡിക്വസി പ്രകാരം വേണ്ട ബിറ്റുമിന്റെ അളവും, ഉപയോഗിച്ച അളവും, അനുവദിച്ച അളവും സംബന്ധിച്ച വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ്.

| ബിറ്റുമിന്റെ തരം | ആഡിക്വസി കണക്കാക്കിയത് (kg) | ഉപയോഗിച്ചത് (kg) | ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം അനുവദിച്ചത് (ബാരൽ) |
|---|---|---|---|
| SS1 | 170.00 | 170.00 | 1ബാരൽ (182.00 കി.ഗ്രാം) |
| RS1 | 145.00 | 147.70 | 1ബാരൽ (182.00 കി.ഗ്രാം) |
| S65/VG30 | 1465.74 | 1494.75 | 13ബാരൽ (13x165.81=2155.53കി.ഗ്രാം) |

മേല്പറഞ്ഞ ബിൽ പ്രകാരം പ്രൊജക്ടിന്റെ ഫൈനൽ ബിൽ അനുവദിച്ചപ്പോൾ ആഡിക്വസി പ്രകാരം കണക്കാക്കിയ ബിറ്റുമിന്റെ വിലയായ 68750.00 (2016-17 ൽ പിൻവലിച്ച തുക) രൂപ മാത്രമേ ഈ ഇനത്തിൽ കുറവ് വരുത്തിയിട്ടുള്ളൂ. ആഡിക്വസി പ്രകാരം 9 ബാരൽ (1465.74/165.81) S65 ബിറ്റുമിൻ അനുവദിച്ചാൽ മതി. ആയതിനാൽ അധികമായി 4 ബാരൽ അനുവദിച്ചതിനും, അധികം അനുവദിച്ച ബിറ്റുമിന്റെ വില, കൺവേയൻസ് ചാർജ് മുതലായവ ഈടാക്കാതിരുന്നതിന് കാരണവും വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.10/28.6.2019) ക്ക് ലഭ്യമാക്കിയ 28.6.19 തീയ്യതി മറുപടിയിൽ അപാകതക്ക് തൃപ്തികരമായ വിശദീകരണം നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ പ്രൊജക്ട് പ്രകാരം തൻവർഷം ചെലവ് ചെയ്ത 179200.00, രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. അപാകതക്ക് തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്.

## 3-5 മർക്കസ്സുൽ ഉലൂം മദ്രസ്സ റോഡ് റീ ടാറിംഗ് - 5% വാറ്റ് തുക മുഴുവനായും കുറച്ചിട്ടില്ല.

പ്രൊജക്ട് നം : 208/19 (61/17,146/18)

അടങ്കൽ : 147051.MG(R), (61/17-200000.00)

ചെലവ് : 145051.00, ബിൽ നമ്പർ - 17/6.9.18

കരാർ നം : 33/9.2.17

എംബുക്ക് നം: 98/17-18

TS N0 :32002/2016-17, 200000.00

കൺവീനർ : അമീറലി.വി.കെ

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് നമ്പർ.61/17 ആയി 2016-17 ൽ നിർവ്വഹണം ആരംഭിച്ച ഈ പ്രൊജക്ട് പ്രകാരം, പ്രസ്തുത വർഷം ബിറ്റുമിൻ വാങ്ങുന്നതിനായി ചെലവ് ചെയ്ത 52949.00 രൂപയും, തൻവർഷത്തെ ചെലവ് 147051.00 രൂപയും ഉൾപ്പെടെ ആകെ 200000.00 രൂപ ചെലവ് ചെയ്തിട്ടുണ്ട്. 01-07-2017 മുതൽ ജി.എസ്.ടി നടപ്പാക്കിയതിനാൽ എസ്റ്റിമേറ്റിൽ overhead ഇനത്തിൽ ഉൾപ്പെടുത്തിയ 5% VAT തുക ഫൈനൽ ബില്ലിൽ നിന്നും കുറവ് ചെയ്ത് മാത്രമേ കൺവീനർക്ക് തുക അനുവദിക്കാവൂ. എന്നാൽ മേൽപ്പറഞ്ഞ ബിൽ പ്രകാരം പ്രൊജക്ടിന്റെ ഫൈനൽ ബിൽ അനുവദിച്ചപ്പോൾ 5% വാറ്റ് ഇനത്തിൽ 10000.00 രൂപ കുറവ് ചെയ്യുന്നതിന് പകരം 2000.00 രൂപ മാത്രമെ കുറവ് വരുത്തിയിട്ടുള്ളൂ എന്ന് കണ്ടു.

വിശദാംശങ്ങൾ താഴെ പറയുന്നു.

| ഫൈനൽ ബിൽ അനുവദിച്ച വിധം | | ഫൈനൽ ബിൽ അനുവദിക്കേണ്ട വിധം |
|---|---|---|
| ആകെ പ്രവൃത്തി മൂല്യം | 200000.00 | 200000.00 |
| (-)5% വാറ്റ് | 2000.00 | 10000.00 |
| ബാക്കി | 198000.00 | 190000.00 |
| (-)ബിറ്റുമിൻ വില | 52949.00 | 52949.00 |
| ബാക്കി | 145051.00 | 137051.00 |
| (-)2.5% ഓവർ ഹെഡ് | 4455.00 | 4455.00 |
| (-)വരുമാന നികുതി 2% | 4000.00 | 4000.00 |
| (-)KCWWF 1% | 2000.00 | 2000.00 |
| (-) ബിറ്റുമിൻ കൺവേയൻസ് | 2271.00 | 2271.00 |
| (-)ലോഡിംഗ് & അൺലോഡിംഗ് ചാർജ് | 379.00 | 379.00 |
| (-) ഒഴിഞ്ഞ ബാരലുകളുടെ വില & നികുതി | 1947.00 | 1947.00 |
| കൺവീനർക്ക് നൽകിയത് | 129999.00 | 121999.00 |

കൺവീനർക്ക് അധികം നൽകിയ തുക 129999 – 121999 = 8000.00 രൂപ

മേൽ അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ 28.6.19 തീയ്യതി മറുപടിയിൽ തുക കൺവീനറിൽ നിന്നും ഈടാക്കി അടവാക്കുമെന്ന് പറഞ്ഞിട്ടുണ്ട്. തുക

കൺവീനറിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ അധികം നൽകിയ 8000.00/-രൂപ പ്രൊജക്ടിന്റെ ബിൽ അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു.

## 3-6 ബിറ്റുമിന് വില നൽകിയത് - തിരികെ ലഭിക്കാനുള്ള 108860.00 രൂപ തിരികെ ലഭിച്ചിട്ടില്ല.

2016-17 ൽ വിവിധ റോഡ് നിർമ്മാണ പ്രൊജക്ടുകൾക്ക് വേണ്ടി (2016-17 ൽ പ്രൊജക്ടുകൾ ആരംഭിച്ചുവെങ്കിലും, 2017-18, 2018-19 വർഷങ്ങളിലായാണ് അവ നിർവ്വഹിച്ചിട്ടുള്ളത്) ബിറ്റുമിൻ വാങ്ങുന്നതിന്, ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 11.5.17 ലെ എ-1/1060/18 നമ്പർ ഉത്തരവ് പ്രകാരം, ബി.പി.സി.എൽ കമ്പനിക്ക് 1552287/- രൂപയും ഹിൻകോൾ കമ്പനിക്ക് 204751/-രൂപയും (അസിസ്റ്റന്റ് എഞ്ചിനീയർ വിവിധ പ്രൊജക്ടുകളിൽ നിന്നും ബിറ്റുമിൻ ആഡികവസി അടിസ്ഥാനമാക്കി പിൻവലിച്ച് ചെക്ക് നമ്പർ.9512261/29.3.17 പ്രകാരം സെക്രട്ടറിക്ക് നൽകിയ 1843083.00 രൂപയിൽ നിന്നും സെക്രട്ടറി അക്കൗണ്ട് ട്രാൻസ്ഫർ മുഖേന 31.3.17 ന് നൽകി) നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കമ്പനികൾ ബിറ്റുമിൻ ലഭ്യമാക്കിയ ഇൻവോയ്സുകൾ പരിശോധിച്ചതിൽ നൽകിയ തുക പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല എന്നു കണ്ടു. സെക്രട്ടറിയുടെ ഉത്തരവ് പ്രകാരമുള്ള ബാരൽ വിലയിലും (RS!-6767.85, S65/VG30-5397.67, SS1-12044.00) കുറഞ്ഞ വിലക്ക് എണ്ണക്കമ്പനികൾ ബിറ്റുമിൻ വിതരണം ചെയ്തതിനാലാണ് ഇപ്രകാരം തുക വിനിയോഗിക്കാതെ അവശേഷിച്ചിട്ടുള്ളത്. വിശദാംശങ്ങൾ താഴെ പറയുന്നു.

| ബി.പി.സി.എൽ ബിറ്റുമിൻ ലഭ്യമാക്കിയതിന്റെ വിവരം | | | |
|---|---|---|---|
| ഇൻവോയ്സ് നമ്പർ/തീയതി | ബിറ്റുമിന്റെ തരം | ബാരലിന്റെ എണ്ണം | വില |
| 10039/28.4.17 | എസ്-65/VG30 | 60@1165.81/kg | 301677.00 |
| 10448/29.4.17 | “ | 30 | 150838.00 |
| 11243/3.5.17 | “ | 55 | 279105.00 |
| 13004/6.5.17 | “ | 80 | 405970.00 |
| 14013/9.5.17 | “ | 35 | 177612.00 |
| ആകെ | | 260 | |
| 13005/8.5.17 | ആർ.എസ്.1 | 17@182/kg | 110683.00 |
| 14629/11.5.17 | “ | 5 | 32554.00 |
| ആകെ | | 22 | 1458439.00 |

അടവാക്കിയ തുക - 1552287.00. ലഭിച്ച ബിറ്റുമിന്റെ ആകെ വില -1458439.00. തിരികെ ലഭിക്കാനുള്ളത്-93848.00

| ഹിൻകോൾ ബിറ്റുമിൻ ലഭ്യമാക്കിയതിന്റെ വിവരം | | | |
|---|---|---|---|
| ഇൻവോയ്സ് നമ്പർ/ തീയ്യതി | ബിറ്റുമിന്റെ തരം | ബാരലിന്റെ എണ്ണം | വില |
| 5193/8.5.17 | എസ്.എസ്.1 | 16 @182/kg | 189739.00 |

അടവാക്കിയ തുക - 204751 .00. ലഭിച്ച ബിറ്റുമിന്റെ ആകെ വില - 189739.00 തിരികെ ലഭിക്കാനുള്ളത്-15012.00

മേൽ തുകകൾ തിരികെ ലഭിച്ചിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.2/22.6.19) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പക്ഷെ, ഈ തുക തിരികെ ലഭിച്ചിട്ടില്ലെന്ന് ബന്ധപ്പെട്ടവർ വാക്കാൽ അറിയിച്ചിട്ടുണ്ട്.

മേൽ തുക തിരികെ ഈടാക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 3-7 ചേലത്തൂർ റോഡ് റീടാറിംഗ് - ഓവർഹഡ് കുറവ് വരുത്തിയില്ല – കൺവീനർക്ക് അർഹമായതിലും അധികം 21243.00 രൂപ നൽകി.

പ്രൊജക്ട് നം : 210/19

അടങ്കൽ : 250000 (CFC)

ചെലവ് : 293917.00, ബിൽ നമ്പർ - 18/6.9.18

കരാർ നം : 50/11.5.17

എംബുക്ക് നം: 92/17-18

TS നം. : 1019/2016-17, DSoR2016. COl.40.2%

കൺവീനർ : പി.ഹുസൈൻ

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

ഈ പ്രൊജക്ട് പ്രകാരം നിർവ്വഹിച്ച പ്രവൃത്തികളുടെ ഡാറ്റ പരിശോധിച്ചതിൽ പ്രവൃത്തികൾക്ക് താഴെ പറയും പ്രകാരം 10% ഓവർഹെഡ് ഉൾപ്പെടുന്ന നിരക്കാണ് അനുവദിച്ചിട്ടുള്ളത്.

| ഐറ്റം നമ്പർ (ഭഗം2) | പ്രവൃത്തിയുടെ കോഡ് | അനുവദിച്ച നിരക്ക് |
|---|---|---|
| 1 | 4.9 | 2707.55/m3 |
| 2 | 5.1.1a | 28.62/m2 |
| 3 | 5.2.3a | 10.25/m2 |
| 4 | 5.5.B.2a | 294.46/m2 |
| 5 | 5.5.A.1a | 224.07/m2 |
| 6 | 5.2.1a | 8.62/m2 |
| 7 | 5.9.1.2a | 139.48/m2 |
| 8 | 5.12.A.3.2a | 55.09/m2 |

ചീഫ് എഞ്ചിനീയറുടെ 29.12.16 ലെ DB3/6512B/13/CE/LSGD നമ്പർ സർക്കുലർ പ്രകാരം റോഡ് നിർമ്മാണത്തിന് മോർഡ് സ്പെസിഫിക്കേഷൻ ഉപയോഗിച്ച് പ്രൈസിൽ തയ്യാറാക്കുന്ന കൺവീനർ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ 10% ഓവർഹെഡ് വകയിരുത്തിയതിനാൽ ബിൽ അനുവദിക്കുമ്പോൾ

7.5% ൽ ലിമിറ്റ് ചെയ്യണമെന്ന് നിർദ്ദേശമുണ്ട്. ആയതിനാൽ ബിൽ അനുവദിക്കുമ്പോൾ പ്രവൃത്തിമൂല്യത്തിൽ നിന്നും 2.5% കുറവ് വരുത്തണം.

1.7.17 മുതൽ VAT നു പകരമായി GST നിലവിൽ വന്നുവെങ്കിലും, സ.ഉ.(അച്ചടി)നം.87/2017/ തസ്വഭവ തീയതി. 1.11.17 പ്രകാരം പ്രവൃത്തി ബില്ലുകളിൽ നിന്നും 31.3.2018 വരെ GST ഈടാക്കേണ്ടതില്ല എന്ന് സർക്കാർ ഉത്തരവുണ്ട്. ആയതിനാൽ 1.7.17 നും 31.3.2018 നും ഇടക്കുള്ള കാലയളവിൽ പൂർത്തിയാക്കിയ, ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹിച്ച, മരാമത്ത് പ്രവൃത്തികളുടെ ബില്ല് അനുവദിക്കുമ്പോൾ എസ്റ്റിമേറ്റിൽ VAT അടവാക്കുന്നതിന് ഓവർ ഹെഡ് ഇനത്തിൽ വകയിരുത്തിയിട്ടുള്ള 5% തുക കുറവ് വരുത്തണം. ഈ പ്രവൃത്തി പൂർത്തീകരിച്ചത് 5.3.18 നാണ് (അവസാനം അളവെടുത്ത തീയ്യതി).

എന്നാൽ പ്രൊജക്ടിന്റെ ബിൽ അനുവദിച്ചപ്പോൾ മേൽപ്പറഞ്ഞ ഇനങ്ങളിൽ തുക കുറവ് വരുത്തിയിട്ടില്ല. ആയതിനാൽ കൺവീനർക്ക് താഴെ പറയും പ്രകാരം അധികം തുക നൽകാൻ ഇടയായിട്ടുണ്ട്.

<u>വാറ്റിനത്തിൽ കുറക്കേണ്ട തുക</u>

ആകെ പ്രവൃത്തി മൂല്യം -293917.00 x5%= 14695.85

<u>2.5%ഓവർ ഹെഡ് കുറവ് വരുത്തേണ്ട തുക</u>

293917.00-(4081.92+27946.04) = 261889.04 (മോർഡ് സ്പെസിഫിക്കേഷനിൽ അല്ലാത്ത എസ്റ്റിമേറ്റ് ഭാഗം 1 ലെ രണ്ട് പ്രവൃത്തികളുടെ മൂല്യം)

261889.04x2.5%= 6547.22

കൺവീനർക്ക് ആകെ അധികം നൽകാൻ ഇടയായ തുക – 14696+6547=21243.00

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.3/25.6.2019 ക്ക് ലഭ്യമാക്കിയ 28.6.19 തീയ്യതി മറുപടിയിൽ തുക കൺവ്വീനറിൽ നിന്നും ഈടാക്കി അടവാക്കുമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ 21243.00 രൂപ പ്രവൃത്തിയുടെ ബിൽ അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു. നഷ്ട തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 3-8 കുറഞ്ഞ വിലയുള്ള അലമാര വാങ്ങിയില്ല

പ്രോജക്ട് : 149/18-19 അങ്കണവാടികൾക്ക് ഫർണ്ണീച്ചർ

ബിൽ നം.തീയതി : 4/18-19/ തീയതി : 13.11.2018 തുക : 1,71,539/- (MG-NR)

നിർവ്വഹണം : ഐ.സി.ഡി.എസ്. സൂപ്പർവൈസർ.

മേൽ പ്രോജക്ട് പ്രകാരം അംഗനവാടികളിലേക്ക് 23 സ്റ്റീൽ അലമാരകളും 8 സ്റ്റീൽ ടേബിളുകളും ടെണ്ടർ നടപടിയിലൂടെ വാങ്ങിയിട്ടുണ്ട്. 2017-18 ൽ ആവിഷ്ക്കരിച്ച 167/18 നമ്പർ പദ്ധതിക്കു വേണ്ടി പ്രസിദ്ധപ്പെടുത്തിയ 26.10.17ലെ എ1-220/2017 നമ്പർ നോട്ടീസ് പ്രകാരമാണ് ടെണ്ടർ നടപടികൾ കൈക്കൊണ്ടിട്ടുള്ളത്. 5 സ്ഥാപനങ്ങൾ പങ്കെടുത്തതിൽ നികുതികൾ ഉൾപ്പെടെ 22 ഗേജ് സ്റ്റീൽ ടേബിളിന് ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയത് ഫിഡ്കോ എന്റർപ്രൈസസ് കോഴിക്കോടും (2,974/-രൂപ) 22 ഗേജ് സ്റ്റീൽ അലമാരയ്ക്ക് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയത് കിഡ്സ് ക്യാമ്പ് മലപ്പുറവുമാണ് (5900/-രൂപ-).[കിഡ്സ് ക്യാമ്പ് മലപ്പുറം 3 തരം അലമാരകളുടെ വില കാണിച്ചിട്ടുണ്ട്.

[Type A-5900/-, Type B-6450/- Type C-4980/-] എന്നാൽ അലമാര വാങ്ങിയിരിക്കുന്നത് ഫിഡ്കോ എന്റർപ്രൈസസ് കോഴിക്കോടിൽ നിന്നും 6424 രൂപ നിരക്കിലാണ്.

ഇത് സംബന്ധിച്ച് 14/29.06.2019 നമ്പർ ഓഡിറ്റ് എൻക്വയറി നൽകി. ലഭ്യമാക്കിയ മറുപടിയിലും പർച്ചേസ് കമ്മിറ്റി മിനുട്സിലും കിഡ്സ് ക്യാമ്പ് മലപ്പുറത്തിന്റെ കുറഞ്ഞ വിലയുള്ള അലമാര വാങ്ങാതിരിക്കുന്നതിന് കാരണം വ്യക്തമാക്കിയിട്ടില്ല. പർച്ചേസ് കമ്മിറ്റി മിനുട്സിലും ഭരണസമിതി മിനുട്സിലും ഏറ്റവും കുറഞ്ഞ വില രേഖപ്പെടുത്തിയ സ്ഥാപനം ഫിഡ്കോയും കുറഞ്ഞ വില 6424 രൂപയുമാണ്. പർച്ചേസ് കമ്മിറ്റി വാങ്ങൽ നടപടികളിൽ കാര്യക്ഷമമായ പരിശോധന നടത്തിയിരുന്നുവെങ്കിൽ കുറഞ്ഞ വില രേഖപ്പെടുത്തിയത് തെരഞ്ഞെടുക്കുന്നതിൽ അപാകത സംഭവിക്കാൻ സാധ്യതയില്ല. സർക്കാർ ഉത്തരവ് പ്രകാരമുള്ള പ്രൊക്യുർമെന്റ് നടപടികൾ കാര്യക്ഷമമല്ലെന്ന് ഇക്കാര്യം വ്യക്തമാക്കുന്നു. നിർവ്വഹണ ഉദ്യോഗസ്ഥ വിലകൾ താരതമ്യം ചെയ്ത് ഗ്രാമ പഞ്ചായത്തിനെ അറിയിച്ചിരിക്കുന്നതും ഫിഡ്കോയുടെ 6424 രൂപയാണ് കുറഞ്ഞ വിലയെന്നാണ്. കിഡ്സ് ക്യാമ്പ് മലപ്പുറത്തിന്റെ C ടൈപ്പാണ് ഏറ്റവും കുറഞ്ഞ വില രേഖപ്പെടുത്തപ്പെട്ടതെങ്കിലും A ടൈപ്പ് അലമാരയുടെ വില (5900/-) പരിഗണിച്ചാൽ തന്നെ ഫിഡ്കോ എന്റർപ്രൈസസ് കോഴിക്കോടിൽ നിന്നും വാങ്ങിയ അലമാരയുടെ വില (6424/-)യിൽ 524/-രൂപ വ്യത്യാസമുണ്ട്. 23 അലമാരകൾക്കായി 12052/- രൂപ അധികം ചെലവ് ചെയ്തിട്ടുണ്ട് (23x524). കുറഞ്ഞ വിലയുള്ള അലമാര വാങ്ങാതിരിക്കുന്നതിന് യഥാർത്ഥവും വസ്തുനിഷ്ഠവുമായ കാരണം ബോധ്യപ്പെടുത്താത്തതിനാൽ നഷ്ടത്തുക 12052/- രൂപ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-9 ലൈഫ് ഭവന പദ്ധതി-വീട് നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

പ്രൊജക്ട് നം : 112/19 (ജനറൽ) & 113/19 (എസ്.സി.)

നിർവ്വഹണം : വി.ഇ.ഒ.

മേൽ പ്രോജക്ടുകൾ പ്രകാരം വിവിധ ഗഡുക്കളായി ധനസഹായം കൈപ്പററിയ താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്ര.നം. | പേര്/വിലാസം | കൈപ്പററിയ ആകെ തുക / (ഗഡു) | റിമാർക്സ് |
|---|---|---|---|
| 1 | ശ്രീ.അസൈനാർ, കെക്ക് രാട്ടിൽ | 3,60,000 / (3) | ജനറൽ |
| 2 | ശ്രീമതി.ഓമന, വലിയപറമ്പിൽ | 3,60,000 / (3) | എസ്.സി. |
| 3 | ശ്രീ.ഉണ്ണികൃഷ്ണൻ, വടേരി | 3,60,000 / (3) | എസ്.സി. |
| 4 | ശ്രീമതി.സഫിയ, ചാലിൽ | 3,00,000 / (3) | ജനറൽ |
| 5 | ശ്രീ.സൈതലവി, നെടുംപറമ്പ് | 3,00,000 / (3) | ജനറൽ |
| 6 | ശ്രീമതി.മോളിഷാജി, കണ്ണമ്പുഴ | 3,00,000 / (3) | ജനറൽ |
| 7 | ശ്രീ.മുഹമ്മദ്.എ, ആലുങ്ങൽ | 3,00,000 / (3) | ജനറൽ |
| 8 | ശ്രീമതി.ശാന്ത എന്ന പദ്മിനി, മടത്തുംപറമ്പത്ത് | 3,00,000 / (3) | ജനറൽ |
| 9 | ശ്രീമതി.സബിത, കിഴക്കൻ പുരക്കൽ | 3,60,000 / (3) | എസ്.സി. |

പ്രസ്തുത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 18/02.07.2019 നമ്പർ ഓഡിറ്റ് എൻക്വയറി നൽകി. ലഭ്യമാക്കിയ മറുപടി പ്രകാരം എസ്.സി.പദ്ധതിയിലെ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും ഫണ്ട് ലഭ്യമാകാത്തതിനാലാണ് തുക നല്കാത്തതെന്നും അറിയിച്ചു.

ഭവനനിർമ്മാണത്തിന്റെ പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

# 3-10 മുഴുവൻ മരുന്നും ലഭ്യമാകാത്തതു സംബന്ധിച്ച്

പ്രൊജക്ടിന്റെപേര് : ഗവ ആയുർവേദ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന വാങ്ങൽ

പ്രൊജക്ടനം : 36/19

അടങ്കൽ :600,000/-

ചെലവ് : 6,00,000/- (ബിൽ നം 1/18-19 തീയതി. 28.9.19)

ഫണ്ട് : മെയിന്റനൻഫണ്ട് (റോഡിതരം)

മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവ്വഹണം നടത്തിയ, ആയുർവേദ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന വാങ്ങൽ എന്ന പ്രൊജക്ട് പ്രകാരം, 6 ലക്ഷം രൂപ ഔഷധിയ്ക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. തുക 28.9.2018 തീയതിയിൽ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റി 9 മാസം പിന്നിട്ടിട്ടും പ്രഫോർമ ഇൻവോയ്സ് (58711/28.8.18) പ്രകാരമുള്ള മുഴുവൻ മരുന്നുകളും ഡിസ്പെൻസറിയിലേയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 583311 രൂപയ്ക്കുള്ള മരുന്നുകൾ മാത്രമാണ് ഓഡിറ്റ് തീയതി വരെയും ലഭ്യമാക്കിയിട്ടുള്ളത്. ആയതു തന്നെ പല ഘട്ടങ്ങളിലായാണ് ആശുപത്രിയിലേയ്ക്ക് ലഭ്യമാക്കിയത്. 16689 രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമാക്കാനവശേഷിയ്ക്കുന്നു.

അവശേഷിയ്ക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെട്ടുകൊണ്ടു നൽകിയ 7/27.6.19 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ, ലഭ്യമാക്കാനവശേഷിയ്ക്കുന്ന 16689 രൂപയുടെ മരുന്നുകൾ ഒരാഴ്ച്ചയ്ക്കകം ലഭ്യമാക്കാമെന്ന് ഔഷധിയിൽ നിന്നും അറിയിച്ചതായി മെഡിക്കൽ ഓഫീസർ അറിയിച്ചു. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക്, സ്റ്റോക്കിലെടുത്ത് വിവരം ലഭ്യമാക്കേണ്ടതാണ്.

# 3-11 വിനിയോഗ വിവരം ഹാജരാക്കിയിട്ടില്ല.

സെക്രട്ടറി നിർവ്വഹിച്ച താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം താഴെ പറയുന്ന ഏജൻസികളിൽ തുകകൾ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകകൾ വിനിയോഗിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്ടിന്റെ വിവരം | ചെലവഴിച്ച തുക (രൂപ) | നിർവ്വഹിക്കേണ്ട പ്രവൃത്തിയുടെ വിശദാംശങ്ങൾ | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | നം.181/9<br>GLPS കീഴ്മുറി കുറ്റാളൂർ 3ഫേസ് വൈദ്യുതി കണക്ഷൻ | ചെക്ക് നമ്പർ - 2692544/ 11.1.19<br>31267/- | കെ.എസ്.ഇ.ബി ഊരകം സബ്സെക്ഷൻ എഞ്ചിനീയറുടെ 28.12.18 ലെ DB/AF/OORAKAM/E.St.Report/56/18-19 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ GLPS കീഴ്മുറി കുറ്റാളൂർ ന് 3 ഫേസ് | 31267/- രൂപ വിനിയോഗിച്ചതിന്റെ സാക്ഷ്യ പത്രം |

| | | | | |
|---|---|---|---|---|
| | | | കണക്ഷൻ ലഭ്യമാക്കുന്നതിന് നിക്ഷേപിച്ചു. | |
| 2 | നം.16/19 IKM ന് വിഹിതം നൽകൽ. | ബിൽനം. 16/26.5.18 62078/- | IKM ന് വിഹിതം നൽകിയത് | 62078/-രൂപ വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം |
| ആകെ | | 93345.00 | | |

വിനിയോഗ വിവരത്തിന്റെ അഭാവത്തിൽ ചെലവ് തുക 93345.00 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-12 മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവ്വഹണം നടത്തിയ പരിരക്ഷ പദ്ധതിക്കായി കെ.എം.എസ്.സി.എല്ലിൽ നിന്നും ഔഷധിയിൽ നിന്നും മരുന്ന് വാങ്ങുന്നതിന് പ്രൊഫോർമ ഇൻവോയ്സുകൾ പ്രകാരം പണം ഒടുക്കിയതിൽ മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല. വിവരം താഴെ കൊടുക്കുന്നു

| പ്രോജക്ട് | ബിൽ നം./ തീയതി | പ്രൊഫോർമ ഇൻവോയ്സ് നം./ തീയതി | തുക | ആകെ ലഭിച്ച മരുന്നുകളുടെ വില | ശേഷിക്കുന്ന മരുന്നുകളുടെ വില |
|---|---|---|---|---|---|
| SO091/18 പരിരക്ഷ | 04/18-19 /26.11.2018 | PRF 2361/ 13.11.18 (KMSCL) | 1,00,000.00 | 00 | 1,00,000.00 |
| | | PRF2362 /13.11.18 (KMSCL) | 1,80,732.00 | 73,749.00<br>60,366.00<br>2,853.00 | 43,764.00 |
| | | 63058/25.10.18 (ഔഷധി) | 50,000.00 | 38,565.00 | 11,435.00 |
| **ആകെ** | | | **3,30,732.00** | **1,75,533.00** | **1,55,199.00** |

പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള തുക മുൻകൂറായി ഒടുക്കുന്നതിനാൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനുമായും ഔഷധിയുമായും ചമയ്ക്കുന്ന കരാർ പ്രകാരമുള്ള സമയപരിധിക്കകം തന്നെ മരുന്നുകൾ ലഭ്യമാക്കുന്നു എന്ന് ഉറപ്പാക്കേണ്ടതുണ്ട്.

ശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതുവരെ 1,55,199.00രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | ലഭിച്ച | പദ്ധതി, പേര് നമ്പർ | ചെലവഴിച്ച | നീക്കിയിരിപ്പ് |
|---|---|---|---|---|

| നൽകിയ സ്ഥാപനം | തുക | | തുക | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 500000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 500000 | 0 |
| ജില്ലാ പഞ്ചായത്ത് | 472750 | ലൈഫ് മിഷൻ പാർപ്പിടപദ്ധതി (ജലറൽ) | 472750 | 0 |
| ജില്ലാ പഞ്ചായത്ത് | 234200 | ലൈഫ് മിഷൻ പാർപ്പിടപദ്ധതി (പട്ടികജാതി) | 160000 | 74200 |
| ബ്ലോക്ക് പഞ്ചായത്ത് | 300000 | പരിരക്ഷ (91/19) | 140135 | 159865 |
| ബ്ലോക്ക് പഞ്ചായത്ത് | 3890000 | ലൈഫ്മിഷൻ (ജനറൽ) | 731050 | 158950 |
| ബ്ലോക്ക് പഞ്ചായത്ത് | 181200 | ലൈഫ്മിഷൻ (എസ്.സി) | 160000 | 21200 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | ഭിന്നശേഷി സ്കോളർഷിപ്പ് | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | പരിരക്ഷ (86/19) | 91442 | 8558 |
| ആകെ | 2778150 | | 2355377 | 422773 |

# 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കെ എസ് ഇ ബി | പ്രൊജക്ട് നമ്പർ 18/19, GLPS കീഴ്മുറി കുറ്റാളൂർ 3 ഫേസ് കണക്ഷൻ | 2692544/ 11.1.19 | 31627.00 | - | ലഭ്യമാക്കിയിട്ടില്ല. | 31627.00 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-4 വായ്പ/വായ്പ തിരിച്ചടവ്

KURFDC യിൽ നിന്നും ലൈഫ് പ്രൊജക്ടിനായി ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ (3215 രൂപ പലിശ വരവ് ഉൾപ്പെടെ) 4723262 രൂപ വരവുണ്ട്. ഇതിൽ തൻവർഷം 4280000.00 രൂപ വിനിയോഗിച്ചിട്ടുണ്ട്. തിരിച്ചടവ് ആരംഭിച്ചിട്ടില്ല.

# 4-5 സ്ഥിര നിക്ഷേപം

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3-25 | 2011-12 | 3.2.7 | റോഡ് അവലോകനം | നിയമസഭാ സമിതിയുടെ പരിഗണ നയിലാണ്. |
| 2008-09 | 3-27 | 2011-12 | 3.2.7 | റോഡ് അവലോകനം. ആസ്തി രജിസ്റ്റർ പൂർണ്ണമായി സൂക്ഷിച്ചിട്ടില്ല | ,, |
| 2008-09 | 3-29 | 2011-12 | 3.2.7 | റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടില്ല | ,, |
| 2013-14, 2014-15 | 2-1 | 2016-17 | അനുബന്ധം 4,5 | വ്യാപാര സ്ഥാപനത്തിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല | ,, |
| 2013-14, 2014-15 | 2-2 | 2016-17 | അനുബന്ധം 4,5 | പാരലൽ കോളേജ്, റേഷൻ കട, സ്വകാര്യ ലാബ് എന്നിവയിലെ ജീവനക്കാരുടെ പേര് വിവരം ലഭ്യമല്ല. | ,, |

# 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

| ക്രമ നം | സ്ഥാപനം | വർഷം | ഖണ്ഡിക | ഉത്തരവാദിയായ | സർചാർജ്ജ്/ചാർജ്ജ് വിവരം | തുക | ഈടാക്കിയത് | അവശേഷിക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|

| | | | | ഉദ്യോഗസ്ഥൻ | | | | | |
|---|---|---|---|---|---|---|---|---|---|
| 1 | ഊരകം ഗ്രാ.പ | 1996-97 | | ശ്രീമതി.ഇ പി വിശാലാക്ഷി | LF 8682/ sp.cell/SC-3/2000/26.03.2002 | 300 (ചാർജ്ജ്) | | 300 | തുക അടവാക്കിയിട്ടില്ല. |
| 2 | | 1996-97 | 39,46,60 | ശ്രീമതി.ഇ പി വിശാലാക്ഷി | LF 8682/ sp.cell/SC-3 /2000/26.03. 2002 | 3419 | | 3419 | തുക അടവാക്കിയിട്ടില്ല. |
| 3 | | 2000-01 | 3-19,3-21 | ശ്രീമതി. സത്യവതി | LF 690/ sp.cell/SC-5/ 2008/07.03.2009 | 28747 | 28747 | | 11301400011 dtd 20.03.2014 . op 123/13 allowed 14.02.2017 |
| 4 | | 2000-01 | 3-27 | ശ്രീ ഹരിരാജൻ കെ | LF 690/sp.cell/SC-5/ 2008/07.03. 2009 | 10000 | | 10000 | തുക അടവാക്കിയിട്ടില്ല. |
| 5 | | 2005-06 | 3-20 | ശ്രീമതി.എം കെ ജമീല, ഐ സി ഡി എസ് സൂപ്പർ വൈസർ | LF 22010/ sp.cell/SCD1/ 2011/17.11.2012 | 11000 | | 11000 | തുക അടവാക്കിയിട്ടില്ല. |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 102147107.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 80525264.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 86345 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 913837 |

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 45050.00 | ശ്രീമതി. അജിത.എൽ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | 8000.00 | ശ്രീമതി. അജിത.എൽ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7 | 21243.00 | ശ്രീമതി. അജിത.എൽ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8 | 12052.00 | ശ്രീമതി. മൈമൂന, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| **ആകെ** | **86345** | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 367596.00 | ശ്രീ. ശംസുദ്ദീൻ സി കെ, സെക്രട്ടറി |
| 3-2 | 101808.00 | ശ്രീ. ശംസുദ്ദീൻ സി കെ, സെക്രട്ടറി |
| 3-4 | 179200.00 | ശ്രീമതി. അജിത.എൽ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-10 | 16689.00 | ഡോ. ജാബിർ പൂളക്കണ്ടൻ, മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| 3-11 | 93345.00 | ശ്രീ. ശംസുദ്ദീൻ സി കെ,സെക്രട്ടറി |
| 3-12 | 155199.00 | ഡോ. ഹാഫിസ് റഹ്മാൻ, മെഡിക്കൽ ഓഫീസർ (അലോപ്പതി) |
| **ആകെ** | **913837** | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. അജിത.എൽ, അസിസ്റ്റന്റ് എഞ്ചിനീയർ | ലഭ്യമല്ല | കൃഷ്ണാലയം, മുണ്ടക്കൽ ഈസ്റ്റ്, എ.ആർ.എ. കൊല്ലം, പിൻ. 691 001 |
| ശ്രീമതി. മൈമൂന. കെ.ടി., ഐ.സി.ഡി.എസ് സൂപ്പർവൈസർ | ICDS വേങ്ങര അഡീഷണൽ | കെ.ടി.ഹൗസ്,കവളമുക്കട്ട, പൂക്കോട്ടൂം പാടം ,പിൻ 679 332 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാന വശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1985-86 | എൽ എഫ് എം10/1636/94 തീ 21.10.98 | 4 |
| 2 | 1986-87 | എൽ എഫ് എം10/1037/94 തീ 21.10.98 | 4 |
| | | | |

| | | | |
|---|---|---|---|
| 3 | 1987-88<br>1989-90 | എൽ എഫ് എം10/460/95 തീ 21.10.98 | 8 |
| 4 | 1990-91 | എൽ എഫ് എം10/287/95 തീ 04.02.95 | 14 |
| 5 | 1991-92 | എൽ എഫ് എം10/1630/94 തീ 21.10.98 | 5 |
| 6 | 1992-93<br>93-94 | എൽ എഫ് എം10/1978/95 തീ 07.03.1996 | 6 |
| 7 | 1994-95<br>95-96 | എൽ എഫ് എം14/1841/99 തീ 25.09.1999/18.01.2002 | 16 |
| 8 | 1996-97 | എൽ എഫ് എം10/492/98 തീ 06.11.1998 | 13 |
| 9 | 1997-98 | എൽ എഫ് എം10/1011/01 തീ 19.04.2004/10.12.2004 | 31 |
| 10 | 1998-99 | എൽ എഫ് എം10/93/02 തീ 16.11.2002 | 16 |
| 11 | 1999-00 | എൽ എഫ് എം10/867/03 തീ05.06.2004 | 31 |
| 12 | 2000-01 | എൽ എഫ് എം17/233/05 തീ 07.02.2005 | 7 |
| 13 | 2001-02 | എൽ എഫ് എം17/1404/05 തീ 04.04.2006 | 14 |
| 14 | 2002-03 | എൽ എഫ് എം8/142/08 തീ 22.04.2008/23.10.2008 | 13 |
| 15 | 2003-04 | എൽ എഫ് എം8/143/08 തീ 22.04.2008/23.10.2008 | 14 |
| 16 | 2004-05 | എൽ എഫ് എം10/1329/08 തീ 30.12.2008/26.03.2009 | 12 |
| 17 | 2005-06 | എൽ എഫ് എം10/534/2010 തീ 06.10.2010/24.04.2011 | 8 |
| 18 | 2006-07 | എൽ എഫ് എം11/1229/14 തീ 08.07.2014 | 23 |
| 19 | 2007-08 | എൽ എഫ് എം11/2133/12 തീ 27.10.2012 | 20 |
| 20 | 2008-09 | എൽ എഫ് എം11/66/12 തീ 27.10.2012 | 34 |
| 21 | 2009-10<br>2010-11 | കെ എസ് എ എം പി എം27/1618/17തീ 04.01.2018 | 13 |
| 22 | 2011-12<br>2012-13 | കെ എസ് എ എം പി എം11/435/15 തീ 23.09.2015 | 21 |
| 23 | 2013-14<br>2014-15 | കെഎസ്എഎം പി എം27/1870/16 തീ09.01.2018 | 14 |
| 24 | 2015-16 | കെ എസ് എ എം പി എം27/3396/16 തീ 26.03.2018 | 05 |
| | | | |

| | | | |
|---|---|---|---|
| 25 | 2016-17 | കെ എസ് എ എം പി എം27/1969/17തീ 03.10.2017 | 21 |
| 26 | 2017-18 | കെ എസ് എ എം പി എം27/1948/18തീ 16.02.2018 | 18 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം.27/1783/2019


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ- 676 505 ഫോൺ: 0483-2734951

ഇ-മെയിൽ: dompm.ksad@kerala.gov.in


തീയ്യതി 29-07-2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215(6) വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മലപ്പുറം

ജില്ലയിലെ **ഊരകം ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം